ബാല കുസുമം

പുസ്തകം 11
ലക്കം 11
2024 നവംബർ

# അൽഖൈറുവാൻ ഹോസ്പിറ്റൽ

**രോ**ഗികൾക്ക് പ്രത്യേക വാർഡുകൾ, സന്ദർശകർക്കുള്ള വിശ്രമ മുറികൾ, പഠിക്കാനും പ്രാർത്ഥിക്കാനുമുള്ള പള്ളി, പ്രഗത്ഭരായ വനിതാ നഴ്സുമാർ, സ്ഥിരം ഡോക്ടർമാർ, വൈദ്യശാസ്ത്ര പരിശീലനം നേടിയ കർമശാസ്ത്ര വിശാരദർ... തുടങ്ങി ഒമ്പതാം നൂറ്റാണ്ടിൽ മികച്ച സംവിധാനത്തോടെ പ്രവർത്തിച്ചിരുന്ന ആശുപത്രിയാണ് ടുണീഷ്യയിലെ അൽഖൈറുവാൻ ഹോസ്പിറ്റൽ.

രക്തശുദ്ധീകരണം, എല്ലുകളുടെ ക്രമീകരണം, ചൂടുവെച്ചുള്ള ചികിത്സ എന്നിവയായിരുന്നു പ്രധാന വിഭാഗങ്ങൾ. അക്കാലത്ത് ചികിത്സയില്ലാത്ത രോഗമായാണ് കുഷ്ഠരോഗം കണക്കാക്കപ്പെട്ടിരുന്നത്. കുഷ്ഠരോഗികളെ പരിചരിക്കാൻ ദാറുൽ ജുദാമ എന്ന പേരിൽ പ്രത്യേക വാർഡും ഖൈറുവാൻ ആശുപത്രിയിലുണ്ടായിരുന്നു.

രാജ്യത്തിന്റെ പൊതുസ്വത്തിൽ നിന്നും ഉദാരമതികളായ ജനങ്ങളിൽ നിന്നും ധനശേഖരണം നടത്തിയാണ് ആശുപത്രി പ്രവർത്തിച്ചിരുന്നത്.



# അകവും പുറവും

മഹാനായ ഹസനുൽ ബസ്വരി ചിന്തയിൽ മുഴുകി നടക്കുകയാണ്. ഒരു ഭാഗത്ത് കുതിച്ചൊഴുകുന്ന ടൈഗ്രീസ് നദി; മറുഭാഗത്ത് കുറ്റിക്കാടുകളും. കുറെയങ്ങ് ചെന്നപ്പോൾ രണ്ടുപേർ നദിക്കരയിലിരിക്കുന്നതു കണ്ടു. അദ്ദേഹം അവരെ ശ്രദ്ധിച്ചു; ഒരു യുവാവും ഒരു സ്ത്രീയുമാണ്. യുവാവ് ഒരു പാത്രത്തിൽ നിന്ന് എന്തോ ആ സ്ത്രീയെ കുടിപ്പിക്കുന്നു; ഇടയ്ക്ക് അദ്ദേഹവും അതിൽ നിന്ന് കുടിക്കുന്നുണ്ട്.

ഹസനുൽ ബസ്വരിക്ക് അതു കണ്ട് അരിശവും വെറുപ്പും നാണവുമുണ്ടായി. അദ്ദേഹം അവരെ നോക്കി സ്വയം പറഞ്ഞു: ‘ഛെ, മോശം! എന്തൊരു വൃത്തികെട്ട പണിയാണിത്? ഒരു പെണ്ണിനോടൊപ്പമിരുന്ന് ഇങ്ങനെ പരസ്യമായി മദ്യപിക്കുന്നല്ലോ, നാണക്കേട്!’

യുവാവ് അതു കേട്ടെങ്കിലും ഒന്നും പറഞ്ഞില്ല. ഹസനുൽ ബസ്വരി അവരിൽ നിന്നല്പം ദൂരെ പോയി വിശ്രമിക്കാനിരുന്നു. അപ്പോഴാണ് നദിയിലൂടെ ഒരു തോണി വരുന്നതു കണ്ടത്. ആറ് യാത്രക്കാരുണ്ടതിൽ. പെട്ടെന്ന്, തോണി ഒരു ചുഴിയിൽപ്പെട്ടു കറങ്ങി മറിഞ്ഞു. ആറുപേരും


**BALA KUSUMAM**

Samastha Centre
Jafarkhan Colony
Calicut - 673006
Ph : 0495 2772 846
kusumammasika@gmail.com

- പബ്ലിഷർ
  **പി. കുഞ്ഞഹമ്മദ്**
- ചീഫ് എഡിറ്റർ
  **മുഹമ്മദ് പാറന്നൂർ**
- എക്സിക്യൂട്ടീവ് എഡിറ്റർ
  **സി.പി ശഫീഖ് ബുഖാരി**
- എഡിറ്റർ
  **ഇ.എം സുഫ്‌യാൻ ബുഖാരി**
- ജനറൽ മാനേജർ
  **എ. മൊയ്തീൻ മടവൂർ**
- സർക്കുലേഷൻ
  **ശരീഫ് സഖാഫി എടയൂർ**
- ഇല്ലസ്ട്രേഷൻസ്
  **ശ്യാംദാസ്, ഷാജി എസ്. എം**
- ഡിസൈൻ & ലേ-ഔട്ട്
  **അൻവർ സ്വാദിഖ് ബുഖാരി**



വെള്ളത്തിൽ മുങ്ങിത്താഴാൻ തുടങ്ങി.

ആ കാഴ്ച കണ്ടതും യുവാവ് കുതിച്ചൊഴുകുന്ന നദിയിലേക്ക് എടുത്തുചാടി അവരിൽ ഓരോരുത്തരെയായി കരയിലെത്തിക്കാൻ തുടങ്ങി. അങ്ങനെ അഞ്ചു പേരെ അയാൾ രക്ഷിച്ചു. ഒരാൾ വെള്ളത്തിൽ മുങ്ങി ഒലിച്ചുപോയി.

ഹസനുൽ ബസ്വരി ഈ സമയമത്രയും കരയിൽ നോക്കി നിൽക്കുകയായിരുന്നു. നീന്തലറിയാത്തതിനാലോ ഒഴുകുന്ന പുഴയിലേക്ക് എടുത്തുചാടാൻ ധൈര്യമില്ലാത്തതിനാലോ എന്തോ!

അഞ്ചു പേരെ രക്ഷപ്പെടുത്തിയ ആ യുവാവ് ആ യാത്രക്കാരിൽ ഒരാളെ രക്ഷപ്പെടുത്താൻ കഴിയാതെ വന്നതിലുള്ള സങ്കടത്തോടെ കരയിലെത്തി അല്പം അകലെ നിസ്സംഗനായിരിക്കുന്ന ഹസനുൽ ബസ്വരിയോട് പറഞ്ഞു: 'താങ്കൾ നേരത്തെ എന്നെ കുറ്റപ്പെടുത്തി

## സ്കൂൾ കായികമേള ഭാഗ്യചിഹ്നം "തക്കുടു"

**കൊ**ച്ചിയിൽ നടക്കുന്ന 2024 കേരള സ്കൂൾ കായികമേളയുടെ ലോഗോ, ഭാഗ്യചിഹ്നം പ്രകാശനം ചെയ്തു. അണ്ണാറക്കണ്ണൻ "തക്കുടു" ആണ് മേളയുടെ ഭാഗ്യചിഹ്നം. സവിശേഷ കഴിവുകൾ ഉള്ള കുട്ടികളെയും ഉൾപ്പെടുത്തി ലോകത്തിന് മാതൃകയാകുന്ന ഇൻക്ലൂസീവ് സ്പോർട്സ് ഈ വർഷത്തെ സംസ്ഥാന സ്കൂൾ കായികമേളയിലൂടെ ആദ്യമായി നടപ്പാക്കുകയാണ്. മേളയിൽ 20000 ത്തിലധികം കായിക പ്രതിഭകളും 2000 സവിശേഷ കഴിവുള്ള കായിക പ്രതിഭകളും പങ്കെടുക്കുന്നുണ്ട്. നവംബർ 4 മുതൽ 11 വരെ കൊച്ചി നഗരത്തിലെ 19 വേദികളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. ഉദ്ഘാടന ചടങ്ങ് കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിലും സമാപനം മഹാരാജാസ് കോളേജ് ഗ്രൗണ്ടിലും നടക്കും.



യിരുന്നല്ലോ. നാണമില്ലാതെ ഒരു പെണ്ണിനോടൊപ്പമിരുന്ന് പരസ്യമായി മദ്യപിക്കുന്നുവെന്ന്? അങ്ങനെയുള്ള ഞാനിതാ ഇപ്പോൾ അഞ്ചു പേരുടെ ജീവൻ രക്ഷിച്ചു. ഇനി ഒരാൾ കൂടിയുണ്ട് പുഴയിൽ. താങ്കൾക്ക് കഴിയുമെങ്കിൽ അയാളെ രക്ഷപ്പെടുത്തുക.'

അതുകേട്ട് ഹസനുൽ ബസ്വരി വിഷണ്ണനായി ഇരുന്നു. യുവാവ് തുടർന്നു പറഞ്ഞു: 'അങ്ങൊരു മഹാനാണല്ലോ. എന്നാലും വെറുതെ എന്നെ ആക്ഷേപിച്ചത് ശരിയായില്ല. എന്നോടൊപ്പമുള്ള ആ സ്ത്രീയുണ്ടല്ലോ, എന്റെ ഉമ്മയാണവർ. ഞങ്ങൾ കുടിച്ചതോ, മദ്യമല്ല. വെള്ളമാണ്. പുറമെ കാണുന്ന കാര്യങ്ങളും അവസ്ഥകളും നോക്കി മറ്റുള്ളവരെ വിലയിരുത്തുന്നത് ശരിയല്ലെന്ന് മഹാനായ അങ്ങ് ഇനിയും മനസ്സിലാക്കിയിട്ടില്ലേ? എങ്കിൽ മനസ്സിലാക്കിക്കൊള്ളുക: 'ബാഹ്യവശം നോക്കി മാത്രം അകത്തുള്ളതിനെപ്പറ്റി ഒരു നിഗമനത്തിലെത്തരുത്.'

സൂഫിവര്യനും മഹാപണ്ഡിതനുമായ ഹസനുൽ ബസ്വരിക്കു ലഭിച്ച വലിയൊരു പാഠമായിരുന്നു ഈ സംഭവം.


സഫർ
മസ്ജിദിലെ ശുദ്ധീകരണ സ്ഥലത്ത്
അസ്സലാമു അലൈക്കും
വ അലൈക്കുമുസ്സലാം.
മക്കൾ നിസ്കരിക്കാൻ വന്നതാണല്ലേ?
ങാ, നിസ്കരിക്കാൻ വന്നതാ.
എല്ലാവരും പൂർണ്ണമായി വുളൂഅ് ചെയ്തിട്ടുണ്ടോ?
ശരിക്കും വുളൂഅ് ചെയ്തു.


വുളൂഇന്റെ രീതിയൊക്കെ എല്ലാവരും പഠിച്ചതാണല്ലോ.
ങാ... ങാ...
എന്നാൽ വുളൂഇൽ നിർബന്ധമായ കാര്യങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ?
ആദ്യം നിയ്യത്ത് ചെയ്യണം.
ശരി.
പിന്നെ രണ്ടു കൈപ്പത്തികൾ കഴുകണം.
പിന്നെ ബ്രഷ് ചെയ്യണം, വായിൽ വെള്ളം നിറച്ചു കൊപ്ലിക്കണം.
ഈ മൂന്നു കാര്യങ്ങൾ നിർബന്ധമല്ലല്ലോ, സുന്നത്തല്ലേ?
സുന്നത്തും ചെയ്യണമല്ലോ.
വേണം. അടുത്ത കർമ്മമെന്താണ്?
മുഖം കഴുകണം.
പിന്നെ?
രണ്ട് കൈകളും മുട്ടുൾപ്പെടെ കഴുകണം.



പിന്നെ തലയിൽ തടവണം, ചെവി തടവണം.
ചെവി തടവൽ സുന്നത്തല്ലേ?
അതേ, സുന്നത്താണ്. ഇനിയെന്താണ് ചെയ്യേണ്ടത്?
തീർന്നല്ലോ. ഇനി നിസ്കരിക്കാം.
തീർന്നില്ലല്ലോ. ഒരു കർമ്മം കൂടിയില്ലേ?
ങാ, രണ്ടു കാലുകളും നെരിയാണിയുൾപ്പെടെ കഴുകണം.
അതു പറയാൻ മറന്നുപോയി.
കൂട്ടുകാരൊന്നും ഇപ്പോൾ അവസാനത്തെ ആ കർമ്മം ചെയ്തിട്ടില്ലല്ലോ.
കാല് ഞങ്ങൾ ആദ്യം കഴുകിയതാണല്ലോ. പിന്നെയും കഴുകണോ?
വേണം മക്കളേ. വുളൂഇൽ നിർബന്ധമായ കാര്യമാണ് അവസാനം രണ്ടു കാലുകളും നെരിയാണി ഉൾപ്പെടെ കഴുകുകയെന്നത്.
ആദ്യം നന്നായി കാൽ കഴുകിയാലും?
അതേ. എന്നാലേ വുളൂഅ് പൂർണമാവുകയുള്ളൂ.
എന്നാൽ ഞങ്ങൾ കാൽ കഴുകി വരാം.




മുഹമ്മദ് യാസിർ പറപ്പൂർ

# അറിയാം നിപ്പ വൈറസിനെ

**2018** മുതൽ കേരളത്തിൽ ഭീതി പരത്തിക്കൊണ്ടിരിക്കുന്ന ഒരു അപൂർവയിനം പകർച്ച വ്യാധിയാണ് നിപ്പ. കേരളത്തിൽ ഇതുവരെ 23 പേരാണ് നിപ്പ മൂലം മരിച്ചത്. കഴിഞ്ഞ ജൂലൈ 21ന് ഒരു പതിനാലുകാരൻ നിപ്പ ബാധിച്ച് മരണപ്പെട്ടിരുന്നു. നിപ്പ വൈറസിനെക്കുറിച്ച് കൂടുതൽ വിശേഷങ്ങളറിയാം.

## നിപ്പ വന്ന വഴി

1998ൽ മലേഷ്യയിലെ കാപുംഗ് സുംഗായ് നിപ്പ എന്ന പ്രദേശത്തെ പന്നികളിലാണ് ആദ്യമായി നിപ്പ വൈറസിന്റെ സാന്നിധ്യം കണ്ടെത്തിയത്. ആ ഗ്രാമത്തിന്റെ പേരിലാണ് ഈ വൈറസ് അറിയപ്പെട്ടത്.

1999ൽ നിപ്പ വൈറസ്ബാധ മൂലം നൂറിലേറെ പേർ മരണപ്പെട്ടു. പിന്നീട് സിംഗപ്പൂരിലേക്കും ഇന്ത്യയിലേക്കുമെല്ലാം നിപ്പാവൈറസ് വ്യാപിച്ചു. 2001ൽ ഇന്ത്യയിലെ ബംഗാളിലും ബംഗ്ലാദേശിലെ പലയിടങ്ങളിലും രോഗബാധയുണ്ടായി. നിരവധി പേർ മരണപ്പെട്ടു.

കേരളത്തിൽ 2018 ലാണ് ആദ്യമായി നിപ്പവൈറസ് സ്ഥി

രീകരിച്ചത്. കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലെ ഒരു കുടുംബത്തിലെ നാലുപേരടക്കം രോഗം ബാധിച്ച 18 ൽ 17 പേരും മരണപ്പെടുകയായിരുന്നു. തുടർന്നുള്ള വർഷങ്ങളിലും വൈറസ്ബാധ സ്ഥിരീകരിക്കപ്പെട്ടു.

## വൈറസിന്റെ ഉറവിടം

നിപ്പ വൈറസിന്റെ പ്രധാന ഉറവിടം വവ്വാലുകളാണെന്നാണ് നിഗമനം. കേരളം ഉൾപ്പെടെയുള്ള ഒൻപത് സംസ്ഥാനങ്ങളിൽ വവ്വാലുകളിൽ വൈറസിന്റ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. പഴങ്ങൾ പഴുത്തു പാകമാകുന്ന മെയ് മുതൽ സെപ്തംബർ വരെയുള്ള മാസങ്ങളിലാണ് രോഗബാധ കൂടുതലായി കണ്ടുവരാറുള്ളത്.

മൃഗങ്ങളിൽ നിന്ന് മൃഗങ്ങളിലേക്ക് മാത്രം പകരുന്ന 'സുനോറ്റിക് ഡിസീസ്' വിഭാഗം രോഗങ്ങളുടെ ഗണത്തിലാണ് ലോകാരോഗ്യ സംഘടന നിപ്പ വൈറസിനെ ഉൾപ്പെടുത്തിയിട്ടുള്ളത്. വൈറസിന് ജനിതകമാറ്റം സംഭവിച്ചതാണ് മനുഷ്യരിലേക്ക് പടരാൻ കാരണമെന്ന് വിദഗ്ധർ പറയുന്നു. വൈറസ് ബാധിച്ചവരിൽ നിന്നും വൈറസ് വാഹകരായ വവ്വാലുകളുടെ കാഷ്ഠമോ ഉമിനീരോ കലർന്ന പാനീയങ്ങളിൽ നിന്നും പഴവർഗ്ഗങ്ങളിൽ നിന്നും വൈറസ് മനുഷ്യരിലേക്ക് പകരാം. കേരളത്തിൽ പഴംതീനി വവ്വാലുകളിൽ മാത്രമേ നിലവിൽ വൈറസ് ബാധ സ്ഥിരീകരിച്ചിട്ടുള്ളൂ. എന്നാൽ കേരളത്തിൽ ആദ്യമായി നി






പ്പ സ്ഥിരീകരിച്ച വ്യക്തിക്ക് ഏങ്ങനെയാണ് വൈറസ് ബാധിച്ചതെന്ന് ഇതുവരെ സ്ഥിരീകരിക്കാനായിട്ടില്ല.

## കരുതിയിരിക്കാം

രോഗം ബാധിച്ചാൽ വളരെ വേഗത്തിൽ തലച്ചോറും ഹൃദയവും തകരാറിലാവും. വൈറസ് ശരീരത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ ലക്ഷണങ്ങൾ പ്രകടമാകാൻ 5 മുതൽ 14 ദിവസങ്ങൾ വരെയെടുക്കും. പനി, തലവേദന, ബോധക്ഷയം, അപസ്മാരം, പെരുമാറ്റത്തിലെ വ്യത്യാസം, ചുമ, ശ്വാസംമുട്ടൽ തുടങ്ങിയവയാണ് നിപ്പയുടെ ലക്ഷണങ്ങൾ. വയറിളക്കം, ഛർദ്ദി തുടങ്ങിയവയും ചിലപ്പോൾ കാണാറുണ്ട്. രോഗലക്ഷണങ്ങൾ സംശയിച്ചാൽ ഡോക്ടറുടെ സഹായം തേടണം. രോഗബാധിത പ്രദേശങ്ങളിൽ ജാഗ്രത പുലർത്തുകയും രോഗികളുമായി ഇടപഴകുമ്പോൾ മാസ്ക്, കൈയ്യുറ തുടങ്ങിയ മുൻകരുതലുകൾ സ്വീകരിക്കുകയും വേണം. ഏതെങ്കിലും ജീവികൾ കടിച്ചതെന്ന് സംശയിക്കുന്ന ഫലവർഗ്ഗങ്ങൾ ഒഴിവാക്കാനും കൂട്ടുകാർ പ്രത്യേകം ശ്രദ്ധിക്കണം.



# സുൽത്വാനുൽ ആരിഫീൻ ശൈഖ് രിഫാഈ(റ)

● **പൂ**ർണനാമം: അബുൽ അബ്ബാസ് അഹ്മദുബ്നു അലിയ്യുബ്നു യഹ്‌യബ്നു സാബിത് രിഫാഈ(റ).

● ജനനം: ഹിജ്റ 512, ഇറാഖിലെ ബത്വാഇഹ് പ്രവിശ്യയിൽ ഹസൻ ഗ്രാമത്തിൽ.

● പിതാവ്: അബുൽ ഹസൻ അലി(റ), മാതാവ്: ഉമ്മുൽ ഫള്ൽ ഫാത്വിമ അൽ അൻസ്വാരിയ്യ.

● ബാല്യകാലം മുതൽ അറിവിനോടും ആത്മീയതയോടും താൽപര്യം കാണിച്ച മഹാൻ വിനോദങ്ങളിൽ നിന്നെല്ലാം അകന്നു ജീവിച്ചു.

● ഏഴാം വയസ്സിൽ പിതാവ് മരണപ്പെട്ടു. തുടർന്ന് അമ്മാവൻ മൻസൂറുസ്സാഹിദ്(റ) യുടെ ശിക്ഷണത്തിൽ വളർന്നു.

● പ്രാഥമിക പഠനത്തിനുശേഷം ബസ്വറയിലെ ശൈഖ് അലിയ്യുൽ വാസ്വിത്വിയുടെ ദർസിൽ ഉന്നത പഠനം.

● സ്നേഹം, സേവനം, കരുണ, വിനയം, സഹാനുഭൂതി, ഭൗതിക വിരക്തി തുടങ്ങിയ എല്ലാ സദ്ഗുണങ്ങളും മേളിച്ച അദ്ദേഹം അല്ലാഹുവിന്റെ തൃപ്തി മാത്രം ആഗ്രഹിച്ചുകൊണ്ടായിരുന്നു കഴിഞ്ഞിരുന്നത്.

● അൽബഹ്ജ, അസ്സ്വിറാത്വുൽ മുസ്തഖീം, അൽബുർഹാനുൽമുഅയ്യദ് തുടങ്ങി വിവിധ വിജ്ഞാനശാഖകളിൽ അനേകം ഗ്രന്ഥങ്ങൾ രചിച്ചു.

● ശൈഖ് അഹ്മദുൽ ബദവീ, ശൈഖ് അബുൽ ഹസനിശ്ശാദുലീ, ശൈഖ് നജ്മുദ്ദീനുൽ ഇസ്ഫഹാനീ, അൽഹാഫിള് ജലാലുദ്ദീൻ അസ്സുയൂഥീ തുടങ്ങിയവർ ശിഷ്യരിൽ പ്രധാനികളാണ്.

● വഫാത്ത്: ഹി. 578 ജമാദുൽ ഊലാ 12, ഉമ്മുഅബീദ ഗ്രാമത്തിൽ മറവു ചെയ്തു.

രിഫാഈ
കഥകൾ

# കൊതുകിനെ ഉപദ്രവിക്കല്ലേ..

**ത**ണുപ്പുള്ള ഒരു ദിവസം. ശൈഖ് രിഫാഈ(റ) വുളൂഅ് ചെയ്യാനൊരുങ്ങിയതാണ്. കൈ ഒരുപാടു നേരം നീട്ടിപ്പിടിച്ചു നിൽക്കുന്നതു കണ്ട് ശിഷ്യനായ യഅ്ഖൂബ് ശൈഖിന്റെ കരങ്ങളിൽ ചുംബിച്ചു. ഉടനെ മഹാൻ ഗൗരവത്തോടെ ചോദിച്ചു:

“നീ ആ പാവത്തെ ഉപദ്രവിച്ചോ?”

“ആരെ?” ശിഷ്യൻ അത്ഭുതത്തോടെ ചോദിച്ചു.

“ഒരു കൊതുക് അവിടെയുണ്ടായിരുന്നു. എന്റെ കയ്യിൽ നിന്ന് ഒരു നേരത്തേക്കുള്ള ഭക്ഷണം ശേഖരിക്കുകയായിരുന്നു അത്. അതുകൊണ്ടാണ് ഞാനെന്റെ കൈ അനക്കാതിരുന്നത്.”



# സ്വർഗത്തിലെ കൊട്ടാരം

**ശൈ**ഖ് രിഫാഈ(റ)വിന്റെ ശിഷ്യരിൽ പ്രധാനിയായിരുന്നു ജമാലുദ്ദീൻ ഖതീബ്. അദ്ദേഹം ഒരു തോട്ടം വാങ്ങാൻ തീരുമാനിച്ചു. കാര്യം ശൈഖ് രിഫാഈ(റ)യോട് പറഞ്ഞു. ഇരുവരും ചേർന്ന് തോട്ടമുടമ

യായ ശൈഖ് ഇസ്മാഈലുബ്നു അബ്ദുൽ മുൻഇം എന്നവരെ സമീപിച്ചു.

"ഞാൻ ചോദിക്കുന്നത് വിലയായി നൽകുമെങ്കിൽ തോട്ടം വിൽക്കാൻ തയ്യാറാണ്." തോട്ടമുടമ പറഞ്ഞു.

"ശരി നിങ്ങൾ വില പറയൂ..." ശൈഖ് രിഫാഈ(റ) പറഞ്ഞു.

"സ്വർഗ്ഗത്തിൽ ഒരു കൊട്ടാരം തരണം." തോട്ടമുടമ പറഞ്ഞു.

"ഭൗതികലോകത്ത് നൽകാനാവുന്നതു പറയൂ."

തോട്ടമുടമ വാശി പിടിച്ചു: "പറ്റില്ല, സ്വർഗ്ഗത്തിലെ കൊട്ടാരം തന്നെ വേണം."

അല്പനേരം ആലോചിച്ചുകൊണ്ട് ശൈഖ് രിഫാഈ(റ) പറഞ്ഞു: "ശരി, ഞാനത് ഏറ്റെടുത്തിരിക്കുന്നു."

അതൊരു കടലാസിലെഴുതിത്തരാൻ തോട്ടമുടമ ശൈഖ് രിഫാഈ(റ)വിനോട് ആവശ്യപ്പെട്ടു. ശൈഖ് രിഫാഈ(റ) ഇപ്രകാരം എഴുതി: "ശൈഖ് ഇസ്മാഈലുബ്നു അബ്ദുൽ മുൻഇം എന്നവർക്ക് പാവപ്പെട്ട അഹ്മദുബ്നു അബുൽഹസൻ ഔദാര്യവാനായ അല്ലാഹുവിന്റെ അനുമതിയോടെ സ്വർഗ്ഗത്തിൽ ഒരു കൊട്ടാരം വാഗ്ദാനം ചെയ്തിരിക്കുന്നു." തോട്ടമുടമക്ക് തൃപ്തിയായി.

അദ്ദേഹം വീട്ടിൽ ചെന്ന് തോട്ടം വിൽപ്പന നടത്തിയതും പകരം ശൈഖ് രിഫാഈ(റ) സ്വർഗ്ഗത്തിൽ ഒരു കൊട്ടാരം വാഗ്ദാനം ചെയ്തതും അറിയിച്ചു.

കത്തിൽ എഴുതിയതു കണ്ട് വീട്ടുകാർ ചോദിച്ചു: "ഇതിൽ ഞങ്ങളും ഉൾപ്പെടുമോ?"

ശൈഖ് ഇസ്മാഈൽ മറുപടി നൽകി: "നിങ്ങൾ തന്നെയാണ് ആ കൊട്ടാരത്തിലെ താമസക്കാർ."

മരണപ്പെടുമ്പോൾ തന്റെ കഫൻതുണിയിൽ ഈ കത്ത് വെക്കണമെന്ന് ശൈഖ് ഇസ്മാഈൽ മക്കളോട് വസിയ്യത്ത് ചെയ്തു.

ഏതാനും ദിവസങ്ങൾ കഴിഞ്ഞ് അദ്ദേഹം മരണപ്പെട്ടു. അദ്ദേഹത്തെ മറവുചെയ്തതിന്റെ തൊട്ടടുത്ത ദിവസം ഖബറിനു മകളിൽ ഒരു കുറിപ്പ് കണ്ടു. 'ശൈഖ് വാഗ്ദാനം ചെയ്തത് എനിക്ക് ലഭിച്ചിരിക്കുന്നു' എന്നാണ് അതിലുണ്ടായിരുന്നത്.

കുഞ്ഞുമോൻ / അബൂതസ്നീം

# പല്ല് നന്നാ കണമല്ലോ...

'എന്താ കുഞ്ഞ്യോനേ മുഖത്തൊരു കനം? എന്തുപറ്റി?'

മാമന്റെ ചോദ്യം കേട്ട് കുഞ്ഞുമോൻ ഞെട്ടിത്തിരിഞ്ഞു നോക്കി മെല്ലെ ചോദിച്ചു: 'ങേ, മാമനോ? മാമനെപ്പോഴാ വന്നേ? ഞാനറിഞ്ഞില്ലല്ലോ.'

'മാമൻ വന്നപ്പോ മോൻ ഉറങ്ങുകയായിരുന്നല്ലോ. വിളിച്ചുണർത്തേണ്ടെന്നു കരുതി. എന്താ കുഞ്ഞ്യോന് സുഖമില്ലേ?'

'പല്ലുവേദന... വല്ലാത്ത പല്ലുവേദന.'

'നിനക്കും തുടങ്ങിയോ പല്ലുവേദന?'

'ങ്ഹാ, ഒരു പല്ലിനൊരു തുളയുണ്ടായിരുന്നു. ഡോക്ടർ അതടച്ചിട്ടുണ്ട്. മാമാ.... ഈ പല്ലുവേദനയുണ്ടല്ലോ, വന്നാല് സഹിക്കാനാവില്ല. ഹൗ, എന്തൊരു വേദനയാണെന്നോ! ഇനി പല്ലുവേദന വരാതിരിക്കാനെന്താ ചെയ്യേണ്ടതെന്നൊന്ന് പറഞ്ഞു തരുമോ?'

'അതിനിപ്പോ എളുപ്പവഴിയൊന്നുമില്ലല്ലോ. പല്ല് കേടാവാതെ സൂക്ഷിക്കണം. അതുതന്നെയാണ് പല്ലുവേദന വരാതിരിക്കാൻ വേണ്ടത്.'

'പല്ലിനു കേടു വരാതിരിക്കാൻ എന്തൊക്കെയാണ് ചെയ്യേണ്ടത് മാമാ?'

'അതിന് ശരിക്കും ബ്രഷ് ചെയ്യണം. രാത്രി കിടക്കുമ്പോഴും രാവിലെയുണർന്നാലും പല്ലു തേക്കണം. പിന്നെ, ഭക്ഷണം കഴിച്ചാലും ബ്രഷ് ചെയ്യുന്നത് നല്ലതാണ്.'

'നിസ്കാരത്തിന് വുളൂഅ് ചെയ്യുമ്പോഴൊക്കെ ബ്രഷ് ചെയ്യണമെന്ന് ഉസ്താദ് പറഞ്ഞിരുന്നു.'

'ങാ, അത് സുന്നത്താണ്. നിങ്ങൾക്ക് ബുദ്ധിമുട്ടാവുമായിരുന്നില്ലെങ്കിൽ എല്ലാ നിസ്കാരത്തിനും വുളൂഅ് ചെയ്യു

മ്പോൾ ബ്രഷ് ചെയ്യൽ നിർബ ന്ധമാക്കുമായിരുന്നു എന്ന് മുത്ത്റസൂൽ(സ) പറഞ്ഞിട്ടുണ്ട്.'

'അങ്ങനെ ചെയ്താൽ പിന്നെ ഒരു പല്ലുവേദനയും വരൂല. അല്ലേ മാമാ?'

'അതേ, പല്ലിന്നിടയിൽ അപ്പോൾ അഴുക്കുകളൊന്നും ഉണ്ടാവില്ലല്ലോ. മോനേ, പല്ലിനെ നല്ലവണ്ണം സൂക്ഷിക്കണം. അതിനാണ് മുത്തുനബി(സ) അങ്ങനെ ഉപദേശിച്ചത്. 'പല്ല് നന്നായാൽ പാതി നന്നായി' എന്നൊരു ചൊല്ലുണ്ട്. പല്ലിന്റെ ആരോഗ്യം ശരീരത്തിന്റെ മുഴുവൻ ആരോഗ്യമാണ് എന്നർത്ഥം.

'പല്ല് നന്നായാൽ നല്ലോണം ചവച്ചരച്ചു തിന്നാനാവും ഇല്ലേ മാമാ? അപ്പോ നല്ല ആരോഗ്യമുണ്ടാകും എന്നല്ലേ?'



'കുഞ്ഞ്യോനേ, ചവച്ചരച്ചു തിന്നാൻ മാത്രമല്ല പല്ല്. പല്ലുണ്ടെങ്കിലേ നമുക്ക് ശരിയായ വിധത്തിൽ പാടാനും പറയാനുമൊക്കെ കഴിയുകയുള്ളൂ. മുഖസൗന്ദര്യം നിലനിൽക്കണമെങ്കിലും നല്ല പല്ലുകൾ വേണം. പല്ലില്ലാത്തവരുടെ കഷ്ടകാലം പറയേണ്ടതില്ലല്ലോ.'

'മാമാ... എന്റെയൊരു പല്ല് കേടായിപ്പോയല്ലോ. ഇനി ഞാനെന്തു ചെയ്യും?' കുഞ്ഞുമോന് സങ്കടം.

'സങ്കടപ്പെടാനൊന്നുമി

## വലിച്ചെറിയല്ലേ..

**പാ**ഴ്‌വസ്തുക്കൾ വെറുതെ വഴിയിൽ
വലിച്ചെറിയരുതേ...
പ്രയോജനപ്പെട്ടേക്കാമവയൊരു
നാളിൽ സ്നേഹിതരേ...
പഴയതിനൊന്നും വിലയില്ലെന്ന്
ധരിച്ചുവെക്കല്ലേ...
പുതിയതിനെക്കാൾ ഈടുണ്ടവയുടെ
ചന്തം കണ്ടില്ലേ...

**പി. വി. എസ് പടിക്കൽ**

ല്ലെടോ. ആ പല്ലൊക്കെ പറിഞ്ഞുപോരും. പിന്നെ പുതിയ പല്ലു വരും.' മാമൻ സമാധാനിപ്പിച്ചു.

'അപ്പോ കേടായ പല്ല് പറിഞ്ഞു പോകുമോ?'

'മോനേ, കുഞ്ഞായിരിക്കുമ്പോൾ മുളയ്ക്കുന്ന പല്ലുകളെ പാൽപല്ലുകൾ എന്നാണ് പറയുക. കുഞ്ഞുങ്ങൾക്ക് ആറു മാസം പ്രായമാകുമ്പോൾ പല്ല് മുളച്ചു തുടങ്ങും; രണ്ടു വയസ്സാകുമ്പോഴേക്കും എല്ലാ പല്ലുകളും മുളയ്ക്കും. ഏഴ് വയസ്സാകുമ്പോൾ പാൽപല്ലുകൾ കൊഴിഞ്ഞുതുടങ്ങും. പിന്നെ സ്ഥിരം പല്ലുകൾ വരും. ഈ പല്ലുകൾക്കു കേടുപറ്റുകയോ കൊഴിഞ്ഞു പോവുകയോ ചെയ്താൽ പകരം പല്ലുണ്ടാവില്ല. ഈ സ്ഥിരം പല്ലുകളെ നന്നായി സംരക്ഷിക്കാൻ ശ്രമിച്ചാൽ മതി.'

'അതിനെന്താണ് ചെയ്യേണ്ടത് മാമാ?'

'ആദ്യം പല്ലുകളുടെ ചങ്ങാതിമാരെ നമ്മുടെ ഉള്ളിലെത്തിക്കണം.'

'പല്ലുകളുടെ ചങ്ങാതിമാരോ? അതാരാ? ചിക്കനും മട്ടനും ബീഫുമൊക്കെയാണോ?'

'നല്ല ആഹാരങ്ങളാണ് പല്ലുകളുടെ ചങ്ങാതിമാർ. ചിക്കനും ബീഫും ചോക്ലേറ്റും ബർഗറുമൊന്നും നല്ല ചങ്ങാതിമാരല്ല. പിന്നെ, മത്തി പോലുള്ള ചെറുമത്സ്യങ്ങളും ഇലക്കറികളും പാലും പാലുൽപന്നങ്ങളുമൊ

ക്കെയാണ് പല്ലിന്റെ നല്ല ചങ്ങാതിമാർ. ഇവയൊക്കെ കിട്ടുന്നത്ര കഴിക്കണം. പല്ലിന്റെ ശത്രുക്കളെ പരമാവധി അകറ്റിനിർത്തുകയും വേണം.'

'പല്ലിനു ശത്രുക്കളുമുണ്ടോ? ആരൊക്കെയാണ് ശത്രുക്കൾ?'

'മുഖ്യശത്രു ചോക്ലേറ്റ് തന്നെ! പിന്നെ നമ്മൾ കടയിൽ നിന്ന് വാങ്ങിക്കുന്ന ശീതള പാനീയങ്ങൾ. കൊക്കക്കോള, പെപ്സി, മിറിൻഡ തുടങ്ങി പലതരം പാനീയങ്ങളുണ്ടല്ലോ. കൂടാതെ, പഞ്ചസാരയും മധുരമേറിയ പലഹാരങ്ങളുമൊക്കെ ശത്രുക്കളുടെ കൂട്ടത്തിൽ പെടും.'



'അപ്പോ മാമാ, ഇവയൊന്നും തീരെ കഴിക്കരുതെന്നാണോ?'

'തീരെ കഴിക്കരുതെന്ന് നിന്നെപ്പോലുള്ള കൊതിയന്മാരോട് പറഞ്ഞാൽ നടക്കുമോ? വലിയ കൊതിയുണ്ടെങ്കിൽ ചോക്ലേറ്റും മറ്റും കുറച്ചു മാത്രം കഴിക്കുക. കഴിച്ചു കഴിഞ്ഞാൽ അതിന്റെ അവശിഷ്ടങ്ങൾ ബ്രഷ് ചെയ്ത് നീക്കം ചെയ്യണം. അല്ലെങ്കിൽ അവ പല്ലിൽ പറ്റിപ്പിടിച്ച് പ്ലാക്കാവും. പ്ലാക്ക് കെട്ടിക്കിടന്ന് പല്ലിൽ ദ്വാരങ്ങളുണ്ടാകും. അപ്പോഴാണ് പല്ലുവേദന വരുന്നത്.

പിന്നെ... കുഞ്ഞേ്യാനേ, ശീതള പാനീയങ്ങളുടെ കാര്യം പറഞ്ഞല്ലോ. നമ്മുടെ പല്ലിനെയും കുടലിനെയുമൊക്കെ രോഗിയാക്കുന്ന പ്രധാന വില്ലന്മാരാണ് കോള ഉൽപ്പന്നങ്ങൾ. നമ്മുടെ പല്ലുകൾക്ക് പടച്ചവൻ വല്ലാത്ത ഉറപ്പാണ് നൽകിയിട്ടുള്ളത്. മരിച്ചു കഴിഞ്ഞാലും പല്ലുകൾ ദ്രവിക്കാതെ ആയിരക്കണക്കിനു കൊല്ലങ്ങൾ നിലനിൽക്കുമത്രേ! തീയിലിട്ടാൽ കത്തിപ്പോവുകയുമില്ല. അത്രയും ഉറപ്പുള്ള ഈ പല്ല് നാം പറഞ്ഞ ശീതള പാനീയത്തിലിട്ടു വച്ചാൽ ദിവസങ്ങൾക്കകം ദ്രവിച്ചു പോകുമത്രെ! അതിൽ നിന്നു മനസ്സിലാക്കാമല്ലോ ആ വിഷവെള്ളത്തിന്റെ വീര്യം! അതുകൊണ്ട് ഒരിക്കലും അത്തരം വിഷവെള്ളം കുടിക്കാതിരിക്കുന്നതാണ് നല്ലത്.

കുഞ്ഞേ്യാനേ, സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്നല്ലേ ചൊല്ല്. അതുകൊണ്ട് ഇപ്പോഴേ സൂക്ഷിക്കണം. പല്ലുകൾ എപ്പോഴും വൃത്തിയാക്കി വെക്കണം. മധുരമുള്ള എന്തു കഴിച്ചാലും ബ്രഷ് ചെയ്ത് അവശിഷ്ടങ്ങൾ നീക്കണം. സോഫ്റ്റായ ബ്രഷ് ഉപയോഗിക്കുന്നതാണ് നല്ലത്. മൂന്നുമാസം കൂടുമ്പോൾ ബ്രഷ് മാറ്റണം. നാരുകൾ വളഞ്ഞുപോയ ബ്രഷുകളുപയോഗിച്ച് പല്ലു തേക്കുന്നത് നല്ലതല്ല. മുത്തുനബി(സ) ഉപദേശിച്ച പോലെ ദിവസവും അഞ്ചുനേരമെങ്കിലും ബ്രഷ് ചെയ്താൽ ഒരു രോഗവും പേടിക്കാനില്ല.

'അങ്ങനെ ചെയ്താൽ എന്റെ പല്ലുവേദനയും മാറിക്കിട്ടുമോ?'

'എന്തു സംശയം? കുഞ്ഞുമോൻ ഇന്നുമുതൽ അങ്ങനെ ചെയ്തു നോക്ക്!'


ഹോജ
ഹോജ ചന്തയിൽ,
ഏയ് ഹോജാ, ഒരു പാത്രത്തിൽ നിറ യെ ഹലുവയുമായി ഒരാൾ പോകുന്ന തു ഞാൻ കണ്ടു.
പോകട്ടെ, അതിൽ എനിക്കെന്തു കാര്യം?
ആ പത്രവുമായി അയാൾ താങ്കളു ടെ വീട്ടിലേക്കാണ് പോകുന്നത്.
ശരി. അതിൽ നിനക്കെന്തു കാര്യം?

ശാസ്ത്രശാല

# സോഡയും കളിമൺപന്തും

**സോ**ഡയുള്ള ഗ്ലാസിൽ ഒരു ചെറിയ കളിമൺപന്തിട്ടാൽ അത് മുങ്ങുമോ പൊങ്ങിക്കിടക്കുമോ? നമുക്ക് പരിശോധിക്കാം.

**ആവശ്യമായ വസ്തുക്കൾ:** ചെറിയ കളിമൺ ഉരുളകൾ, ഒരു ഗ്ലാസ്, ഒരു കുപ്പി സോഡ

**ചെയ്യേണ്ട വിധം:** സോഡ ഗ്ലാസിലേക്കൊഴിക്കുക. ഉടനെ ഒരു ചെറിയ കളിമൺപന്ത് ഗ്ലാസിലേക്കിടുക. കളിമൺപന്ത് ആദ്യം മുങ്ങിക്കിടക്കുകയും പിന്നീട് ഉപരിതലത്തിലേക്ക് പൊങ്ങിവരുകയും ചെയ്യും. ഏതാനും സമയം ഇതിങ്ങനെ മുങ്ങിയും പൊങ്ങിയും തുടരും.

**സംഭവിക്കുന്നത്:** ഒരു വസ്തുവിനെ വെള്ളത്തിലോ മറ്റേതെങ്കിലും ദ്രാവകത്തിലോ പൊങ്ങിക്കിടക്കാൻ ജലം ചെലുത്തുന്ന ശക്തിയാണ് പ്ലവക്ഷമബലം (Buoyancy). വസ്തുവിന്റെ ഭാരം പ്ലവക്ഷമബലത്തെക്കാൾ കൂടുതലാണെങ്കിൽ, അത് മുങ്ങിപ്പോകും. വസ്തുവിന്റെ ഭാരം പ്ലവക്ഷമബലത്തെക്കാൾ കുറവാണെങ്കിൽ, അത് പൊങ്ങിക്കിടക്കും. പ്ലവക്ഷമബലത്തെക്കാൾ ഭാരമുള്ളതിനാൽ കളിമൺപന്ത് ആദ്യം മുങ്ങുകയും സോഡയിലെ കുമിളകൾ കാരണം ഉപരിതലത്തിലേക്ക് പൊങ്ങുകയും ചെയ്യുന്നു.

കാർബൺ ഡൈ ഓക്സൈഡിന്റെ ലായനിയാണ് സോഡ. സോഡാ കുപ്പി തുറന്നാൽ വാതകം കുമിളകളായി പുറത്തേക്ക് പോകുന്നത് കാണാറില്ലേ? ഇവിടെയും ഇതുതന്നെ സംഭവിക്കുന്നു. ചില കുമിളകൾ കളിമൺപന്തിന്റെ പ്രതലത്തിൽ പറ്റിപ്പിടിക്കുന്നു. ഈ ശേഖരിക്കപ്പെടുന്ന കുമിളകൾ കളിമൺപന്തിനെ ഉപരിതലത്തിലേക്ക് ഉയർത്തും. കളിമൺപന്ത് ഉയരുമ്പോൾ കാർബൺ ഡൈ ഓക്സൈഡ് വായുവിലേക്ക് പുറപ്പെടുന്നു. അപ്പോഴവ വീണ്ടും മുങ്ങുന്നു കുമിളകൾ പറ്റിപ്പിടിക്കുമ്പോൾ വീണ്ടും പന്ത് ഉയരുന്നു. സോഡയിലെ എല്ലാ കാർബൺ ഡൈ ഓക്സൈഡും വായുവിലേക്കെത്തുന്നത് വരെ ഇത് തുടരും. കുമിളകൾ രൂപപ്പെടുന്നത് നിന്നാൽ പിന്നെ കളിമൺപന്ത് പൊങ്ങുകയില്ല.

ഗ്ലാസ് ഭാഗികമായി അടച്ച് കളിമൺ പന്ത് കൂടുതൽ നേരം ഉയർന്നും താഴ്ന്നും തുടരുന്നുണ്ടോയെന്ന് നിരീക്ഷിച്ചു നോക്കൂ.

CURRENT AFFAIRS

## ചെസിൽ ഇന്ത്യയ്ക്ക് ഇരട്ടി മധുരം

ലോക ചെസ് ഒളിമ്പ്യാഡിൽ ഓപ്പൺ വിഭാഗത്തിലും വനിതാവിഭാഗത്തിലും ഇന്ത്യക്ക് സ്വർണം. ആദ്യമായാണ് ഇന്ത്യ ഇരുവിഭാഗങ്ങളിലും ഒന്നിച്ച് ജേതാക്കളാകുന്നത്. 186 രാജ്യങ്ങളാണ് ഓപ്പൺ വിഭാഗത്തിൽ മത്സരിച്ചത്. അവസാന റൗണ്ടിൽ സ്ലൊവേനിയയെ തോൽപ്പിച്ചു. 167 രാജ്യങ്ങൾ മത്സരിച്ച വനിതാവിഭാഗത്തിൽ 19 പോയിന്റാണ് ഇന്ത്യ നേടിയത്. അവസാന റൗണ്ടിൽ അസർബയ്ജാനെയാണ് തോൽപ്പിച്ചത്.

വ്യക്തിഗത ഇനത്തിൽ ഡി. ഗുകേഷ്, അർജുൻ എറിഗാസി, ദിവ്യ ദേശ്മുഖ്, വന്തിക അഗർവാൾ എന്നിവർ സ്വർണം നേടി. 2000 ൽ ലോക ചെസ് ചാമ്പ്യൻപട്ടം ഇന്ത്യയിലേക്കെത്തിയെങ്കിലും ടീം ചാമ്പ്യൻഷിപ്പിൽ ആദ്യമായാണ് ഇന്ത്യ നേട്ടം കൊയ്യുന്നത്.

## ലങ്കയിൽ ഇടതു വിപ്ലവം

2022ലെ ജനകീയ പ്രക്ഷോഭത്തിനു ശേഷം നടക്കുന്ന ആദ്യ തിരഞ്ഞെടുപ്പിൽ വിജയിച്ച് ഇടതു നേതാവ് അനുര ദിസനായകെ ശ്രീലങ്കയുടെ പ്രസിഡന്റായി. രാജ്യത്താദ്യമായി രണ്ടാം റൗണ്ടിലേക്കു നീണ്ട വോട്ടെണ്ണലിൽ പ്രതിപക്ഷ നേതാവ് സജിത് പ്രേമദാസയെ പിന്തള്ളിയാണ് ജനത വിമുക്തി പെരമുന (ജെ.വി.പി) നേതാവായ ദിസനായകെയുടെ വിജയം. നാഷനൽ പീപ്പിൾസ് പവർ മുന്നണിയുടെ പ്രതിനിധിയായാണ് ദിസനായകെ മത്സരിച്ചത്. പൗരാവകാശ പ്രവർത്തകയും സ്ത്രീ വിമോചന പോരാളിയുമായ ഹരിണി അമരസൂര്യയാണ് പുതിയ പ്രധാനമന്ത്രി. ശ്രീലങ്കയിലെ മൂന്നാമത്തെ വനിതാ പ്രധാനമന്ത്രിയാണു ഹരിണി.

## സമുദ്രസുരക്ഷക്ക് ക്വാഡ്

ഏഷ്യൻ സമുദ്രമേഖലയിൽ സുരക്ഷാ സഹകരണത്തിനുള്ള നീക്കങ്ങൾക്കു തുടക്കം കുറിച്ചുള്ള ക്വാഡ് ഉച്ചകോടി യു.എസിലെ ഡെലവെയറിൽ അരങ്ങേറി. ഇന്ത്യ, യു.എസ്, ഓസ്ട്രേലിയ, ജപ്പാൻ എന്നീ രാജ്യങ്ങൾ ഉൾപ്പെട്ട കൂട്ടായ്മയാണ് ക്വാഡ്. ഇന്ത്യൻ പ്രധാനമന്ത്രി പങ്കെടുത്ത ഉച്ചകോടിയിൽ യു.എസ് പ്രസിഡന്റ് ജോ ബൈഡൻ അധ്യക്ഷത വഹിച്ചു. ഇവർക്കു പുറമെ ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി ആൽബനീസ്, ജപ്പാൻ പ്രധാനമന്ത്രി ഫുമിയോ കിഷിദ എന്നിവരാണ് ക്വാഡ് ഉച്ചകോടിയിൽ പങ്കെടുത്തത്.




# കൺകുളിർക്കെ കഅ്ബാലയം



**ജീ**വിതത്തിൽ ഏറ്റവുമധികം സന്തോഷിച്ച ദിനമാണ് കൺകുളിർക്കെ കഅ്ബാലയം കണ്ട ദിനം! വസ്ത്രങ്ങളും മറ്റു യാത്രാവസ്തുക്കളുമെല്ലാം പെട്ടിയിലാക്കി എയർപോർട്ടിലേക്ക് നീങ്ങി. ഞങ്ങളെയും വിളിച്ചുകൊണ്ട് വിമാനം മദീന ലക്ഷ്യമാക്കി പറന്നു. ഫോട്ടോയിൽ മാത്രം കണ്ട പച്ച ഖുബ്ബ നേരിൽ കണ്ടപ്പോൾ വല്ലാത്തൊരു അനുഭൂതി. റൗളാ ശരീഫിൽ ചെന്ന് മുത്തുനബി(സ)യോട് സലാം പറഞ്ഞു. സങ്കടങ്ങൾ പറഞ്ഞു ദുആ ചെയ്തു.

പിന്നെ മക്കയിലേക്ക് തിരിച്ചു. ഉപ്പയുടെ കൈപിടിച്ച് ത്വവാഫ് ചെയ്തു. കഅ്ബയിൽ ചുംബിച്ചു. സ്വഫാമർവയിലെത്തിയപ്പോൾ ഹാജറബീവി(റ)യുടെയും പൊന്നുമോൻ ഇസ്മാഈൽ നബി(അ)ന്റെയും സ്മരണകൾ മനസ്സിൽ നിറഞ്ഞുനിന്നു. പതിനഞ്ചു ദിവസം ആ ചരിത്രമണ്ണിൽ താമസിച്ച ശേഷം ഞങ്ങൾ വീട്ടിലേക്കു മടങ്ങി. നാട്ടിലുള്ളവർക്ക് കൊടുക്കാൻ സംസം വെള്ളവും ഈത്തപ്പഴവും ബാഗിൽ കരുതിയിരുന്നു. തിരിച്ചുപോകുമ്പോൾ 'ഇനിയും ഒരുപാട് തവണ മക്കയും മദീനയും സന്ദർശിക്കാൻ തൗഫീഖ് നൽകണേ നാഥാ' എന്ന പ്രാർത്ഥനയായിരുന്നു ചുണ്ടുകളിൽ.

**ഫാതിമ റിഫ എം.കെ,**
**ക്ലാസ് 6**
**സി.എം.വി.എം സുന്നി മദ്റസ**

# ഉരുൾപൊട്ടിയ രാത്രി

**ഒ**രു തിങ്കളാഴ്ച രാത്രി. ഭക്ഷണം കഴിച്ച് മഴയുടെ കുളിരിൽ ഉമ്മയുടെ മാറോട് ചേർന്ന് കിടന്നുറങ്ങിയവരാണ്. നിറമുള്ള സ്വപ്നങ്ങൾ നെയ്തു വച്ച വരാണ്. കാട്ടാറിന്റെ ചാരത്തുള്ള വിദ്യാലയത്തിന്റെ മുറ്റത്ത് കൂട്ടുകൂടി നടന്നതും സ്നേഹമുള്ള അധ്യാപകരുടെ മുന്നിലിരുന്ന് അറിവിന്റെ മധുരം നുകർന്നതും അവരുടെ സ്വപ്നങ്ങളിലുണ്ടായിരിക്കാം! അപ്പോഴാണ് ഉരുൾപൊട്ടി



വന്ന പാറക്കൂട്ടങ്ങൾ സ്വപ്നങ്ങൾക്കു മേൽ പതിച്ചത്. പുലർവെട്ടം കാണുന്നതിനു മുമ്പ് അവരുടെ വീടും നാടും തുടച്ചെടുത്ത് ഉരുൾജലം കടന്നുപോയി! അനശ്വരതയുടെ ലോകത്തേക്ക് നിറമുള്ള സ്വപ്നങ്ങളുമായി അവർ യാത്രയായി. സ്വർഗീയാരാമത്തിൽ വർണ്ണശലഭങ്ങളായി പറന്നുല്ലസിക്കുകയാവും ഇപ്പോഴവർ!

**ഹംന കെ, ക്ലാസ് 4**
**ഖുവ്വത്തുൽ ഇസ്‌ലാം മദ്റസ, തുവ്വക്കാട്**

# ഉസ്താദ്

**ഈ**മാൻ ഇസ്‌ലാം കാര്യങ്ങൾ
ഓതിത്തന്നു ഉസ്താദ്
നമ്മിലെ പാകപ്പിഴവുകളെ
തിരുത്തിത്തന്നു ഉസ്താദ്
ധാർമിക ചിന്ത വളർത്തീടാൻ
നന്മകളോതി ഉസ്താദ്
വിജ്ഞാനത്തിൻ വഴി കാട്ടി
അറിവിൻ നിറകുടം ഉസ്താദ്

**അസ്‌ലഹ കെ.എ, ക്ലാസ് 8**
**സിറാജുൽ ഹുദാ മദ്റസ,**
**വടൂക്കര**

# മലയാള ഭംഗി

**ഹ**രിതമാം ഭംഗിയിൽ മുങ്ങിക്കുളിച്ച്
നീളേ കിടക്കുന്ന വയലേലകൾ.
കുന്നിൻമുകളിലെ തെളിനീരുറവകൾ
താഴെ പതിക്കുന്ന ജലധാരകൾ.
ആറുകൾ ചേരുന്ന നീലിമച്ചന്തം
അറബിക്കടലിലെ തിരമാലകൾ.
ചേലെഴും ഗ്രാമീണഭംഗിക്കു കൂട്ടായി
ജൈവവൈവിധ്യക്കലവറകൾ
മലയാള നാടിന്റെ മേന്മകൾ ചൊല്ലുകിൽ
മതിയാകുമോ വാക്കുശേഖരങ്ങൾ!

**ആഇശ ശിബ കെ.പി,**
**തഅ്ലീമുൽ ഖുർആൻ**
**സുന്നി മദ്റസ, പരപ്പനങ്ങാടി**

# അജ്മീറിലേക്കൊരു യാത്ര

**ഓ**ർമ്മയുടെ ചെപ്പിൽ ഒരിക്കലും മായാത്ത അനുഭവമാണ് അജ്മീറിലേക്കുള്ള യാത്ര. കൂടെ ഉപ്പയുമുണ്ടായിരുന്നു. ഉസ്താദായിരുന്നു അമീർ. പുലർച്ചെ വീട്ടിൽ നിന്നിറങ്ങി. സുബ്ഹി നിസ്കരിച്ച് തീവണ്ടിയിൽ കയറി യാത്രയാരംഭിച്ചു.



മനോഹരമായ കാഴ്ചകൾ കണ്ട് കാടും പുഴകളും പർവ്വതങ്ങളും താണ്ടി രണ്ടു ദിവസത്തിനകം ആഗ്രയിലെത്തി. അവിടെ റൂമെടുത്ത് യാത്രാക്ഷീണം മാറ്റി. താജ്മഹലിനു മുമ്പിലെത്തിയപ്പോൾ കഠിനമായ ചൂടായിരുന്നു. എങ്കിലും ആ ചരിത്ര നിർമിതിയുടെ ഭംഗിയാസ്വദിച്ചപ്പോൾ ക്ഷീണം അനുഭവപ്പെട്ടില്ല.

വൈകാതെ അവിടെനിന്ന് അജ്മീറിലേക്ക് യാത്ര തിരിച്ചു. ഖാജാതങ്ങളുടെ ചാരത്തെത്തി. എങ്ങും അനിർവചനീയമായ ആത്മീയാനുഭൂതി നിറഞ്ഞുനിൽക്കുന്നതായി തോന്നി. അവിടെയുള്ള സ്ഥലങ്ങളെക്കുറിച്ചെല്ലാം ഉസ്താദ് വിവരിച്ചു തന്നു. വിശിഷ്ടമായ പലഹാരം കഴിച്ച് അജ്മീറിൽ നിന്ന് ഡൽഹിയിലേക്ക് തിരിച്ചു. ചെങ്കോട്ടയും ഖുതുബ്മിനാറും ഇന്ത്യാഗേറ്റും കണ്ടു. ജമാമസ്ജിദിൽ സൂക്ഷിച്ച മുത്തുനബി(സ)യുടെ ആസാറുകൾ കാണാനും ബറകത്തെടുക്കാനും അവസരം ലഭിച്ചു. അവിടെ നിന്ന് നാട്ടിലേക്ക് മടങ്ങി.

**ശഹാന ഷെറിൻ ടി, ക്ലാസ് 9**
**മഅദിനുൽ ഉലൂം, കിണറപ്പൻ**

# കത്തുകൾ

പ്രിയപ്പെട്ട ബാലകുസുമത്തിന്,

നിന്റെ ഓരോ വരവുകളും വ്യത്യസ്തമാണ്. കഥകളും കിസുകളും പുത്തനറിവുകളും നീ പകർന്നു തരുന്നു. റബീഅ് സ്പെഷ്യൽ പതിപ്പിലെ കുണ്ടൂരുസ്താദിന്റെ കഥകൾ വളരെ ഇഷ്ടപ്പെട്ടു. അതിലെ 'ചൂണ്ടയും മീനും' എന്ന കഥ ചിരിപ്പിക്കുന്നതും ചിന്തിപ്പിക്കുന്നതുമായിരുന്നു. ഇനിയും ഒരുപാട് അറിവുകൾ നേടാനും പണ്ഡിത ജീവിതങ്ങൾ പറഞ്ഞുതരാനും കുസുമം വരുമെന്ന പ്രതീക്ഷയോടെ ഞങ്ങൾ കാത്തിരിക്കുന്നു.

കുസുമത്തിനോട് ഒരപേക്ഷ കൂടിയുണ്ട്, ഓരോ മാസവും കുസുമത്തിന്റെ വരവ് എപ്പോഴാണെന്നാണ് മദ്റസയിലെ ഉസ്താദുമാരോട് ആദ്യം ചോദിക്കാറുള്ളത്. കുസുമത്തെ ദ്വൈവാരികയാക്കി ഞങ്ങൾക്ക് സമ്മാനിച്ചുകൂടെ?

**എസ്.ബി.എസ് എഴുത്തു കൂട്ടം**
**മുഹിമ്മാത്തുദ്ദീൻ മദ്റസ**
**പുത്തിഗെ, കാസറഗോഡ്**

പ്രിയപ്പെട്ട ബാലകുസുമത്തിന്,

കുഞ്ഞു മനസ്സിൽ നന്മയുടെ വെളിച്ചം നൽകുന്ന നിന്നെ ഞങ്ങൾക്കെല്ലാം ഇഷ്ടമാണ്. അബൂട്ടിയുടെ അനുഭവങ്ങളും സഫറിന്റെ ഉപദേശങ്ങളും വായിക്കാറുണ്ട്. മിസ്റ്റർ മണ്ടപ്പന്റെ കുറ്റാന്വേഷണവും ഹോജയുടെ ഫലിതങ്ങളും രസകരം തന്നെ. ശാസ്ത്രശാലയും കറന്റ് അഫയേഴ്സും പഠനത്തിന് ഉപകാരപ്രദമാണ്. സ്കൂളിൽ പഠിച്ച ജാലിയൻ വാലാബാഗ് ചിത്രകഥ രൂപത്തിൽ കണ്ടപ്പോൾ കൂടുതൽ സന്തോഷമായി. പുതുമ നിറഞ്ഞ ഒട്ടേറെ വിഭവങ്ങളുമായി നീ വരുമെന്ന പ്രതീക്ഷയോടെ കാത്തിരിക്കുന്നു.

**ആലിയ എം.എച്ച്, ക്ലാസ് 6**
**മമ്പഉൽ ഇസ്‌ലാം എടനാട്**


ജാലിയൻ വാലാ ബാഗ്
ജനറൽ ഡയറും ക്യാപ്റ്റനും തുറന്ന വാഹനത്തിൽ സൈനിക വാഹനങ്ങളുടെയും അകമ്പടിയോടെ ഹാൾ ബസാറിലൂടെ കടന്നുപോയി.
ജാലിയൻവാലാബാഗിലേക്കുള്ള ഇടുങ്ങിയ കവാടത്തിനരികിൽ,
ആ വഴി വളരെ ഇടുങ്ങിയതാണ്. കാറുകൾക്ക് അതിലൂടെ പോകാൻ കഴിയില്ല.
കഷ്ടം! നമ്മുടെ യന്ത്രത്തോക്കുകൾ ജനങ്ങൾക്കു നേരെ ഒന്നു പ്രയോഗിക്കേണ്ടിവരും.
എന്തുതന്നെയായാലും, നമ്മുടെ സായുധ സൈന്യം ചെയ്യേണ്ടത് ചെയ്യും.


ഡയറും ക്യാപ്റ്റനും മൈതാനത്തിനകത്തേക്ക് നീങ്ങി; സൈന്യം പിറകെയും.
എത്ര പേരുണ്ടാകും അവർ?
ഏകദേശം 5000 പേർ!
യഥാർത്ഥത്തിൽ അവിടെ 25000 പേരുണ്ടായിരുന്നു.
വൈകാതെ ഡയർ സൈന്യത്തിലെ ഖൂർഖകളെ ഇടതുഭാഗത്തും ബലൂചികളെ വലതുഭാഗത്തും വിന്യസിച്ചു.
ഒമ്പതാമനായി വഖ്ത് പത്രികയുടെ എഡിറ്റർ ദുർഗ്ഗാദാസ് സംസാരിക്കുകയായിരുന്നു.
ഗവൺമെന്റിന്റെ അടിച്ചമർത്തൽ നയങ്ങൾ....
പെട്ടെന്ന് നിലവിളികൾ കേട്ടു.
ദേ, അവർ വന്നു!
ദൈവമേ, പട്ടാളക്കാർ!
ഉടനെ, ജനറൽ ഡയർ ഉത്തരവ് നൽകി.
ഫയർ!!


വെടിപൊട്ടാൻ തുടങ്ങി.
പക്ഷേ ജനങ്ങൾക്കത് വിശ്വസിക്കാനായില്ല.
ഹ ഹ! പാഴ്‌വെടികൾ!
നമ്മെ പേടിപ്പിക്കാൻ.
എന്നാൽ, വൈകാതെ പലരും മരിച്ചുവീണു. ചിലർക്ക് മുറിവേറ്റു.
ആഹ്
ചിലർ പുറത്തേക്ക് ഓടാൻ തുടങ്ങി.
എന്നാൽ, സൈന്യം തീ തുപ്പുന്ന തോക്കുമായി അവിടെയുണ്ടായിരുന്നു.
ജനങ്ങൾ ചിതറിയോടുമ്പോൾ സൈന്യം ഇടതടവില്ലാതെ നിറയൊഴിച്ചുകൊണ്ടിരുന്നു.


ബിൽഡിങ്ങുകൾക്കിടയിലുള്ള ഇടുങ്ങിയ വഴിക
ളിലൂടെ പുറത്തുകടക്കാൻ ജനങ്ങൾ തിരക്കി.
എന്നാൽ, ജനങ്ങൾക്ക് രക്ഷപ്പെടാനുള്ള പഴു
തുകളില്ലാം ഉന്നം പിടിച്ച് പട്ടാളക്കാർ നിൽപ്പു
ണ്ടായിരുന്നു.
ജനങ്ങൾ വീണുകൊണ്ടേയിരുന്നു. തോ
ക്കുകളുടെ ഗർജനം അവസാനിച്ചില്ല.
പത്തു മിനിറ്റുകൾക്ക് ശേഷം വെടിയൊച്ച നിലച്ചപ്പോൾ
മൈതാനത്ത് മൃതദേഹങ്ങൾ കൂമ്പാരങ്ങളായിക്കിടന്നു.
ആയിരം പേർ മരണപ്പെടുകയും
മൂവായിരം പേർക്ക് പരിക്കേൽക്കുകയും ചെയ്തു.
മുറിവേറ്റവർ നിലവിളിച്ചു.
വെള്ളം..
വെള്ളം..
പട്ടാളക്കാർ മാർച്ച് ചെയ്തു നീങ്ങി.
പരിക്കേറ്റവർക്ക് വെള്ളം
നൽകാൻ ആരുമുണ്ടായിരുന്നില്ല.

## സ്വാതന്ത്ര്യസമരത്തിലെ മുസ്‌ലിം സേനാനികൾ

ഹാഫിള് മുഹ്സിൻ തൂത

# വെളിയങ്കോട് ഉമർഖാളി(റ)




ബ്രിട്ടീഷുകാർക്കെതിരെ ധീരമായ നിലപാടുകൾ സ്വീകരിച്ച മലബാറിലെ പ്രശസ്ത പണ്ഡിതവര്യനായിരുന്നു വെളിയങ്കോട് ഉമർഖാളി. താനൂർ ഖാളിയാരകത്ത് ആലി മുസ്‌ലിയാരുടെയും ആമിനയുമ്മയുടെയും മകനായി ഹി. 1170 ലായിരുന്നു മഹാന്റെ ജനനം. പതിമൂന്നാം വയസ്സിൽ പൊന്നാനി പള്ളിയിലെ വിളക്കത്തിരുന്ന് മതപഠനമാരംഭിച്ച മഹാൻ ചുരുങ്ങിയ കാലത്തിനുള്ളിൽ വലിയ പാണ്ഡിത്യത്തിന്റെ ഉടമയായി മാറി.

ടിപ്പുസുൽത്താന്റെ മരണത്തോടെ മലബാറിൽ സമ്പൂർണ്ണ മേധാവിത്വം നേടാൻ ബ്രി

ട്ടീഷുകാർ ശ്രമം തുടങ്ങിയ സാഹചര്യത്തിലാണ് ഉമർഖാളി സ്വാതന്ത്ര്യ സമരരംഗത്തേക്ക് കടന്നുവന്നത്.

മമ്പുറം തങ്ങളായിരുന്നു മഹാനവർകളുടെ ആത്മീയ ഗുരു. തങ്ങൾ രചിച്ച സൈഫുൽ ബത്താർ എന്ന കാവ്യകൃതിയാണ് സമരരംഗത്തേക്കിറങ്ങാൻ ഉമർഖാളിക്ക് പ്രചോദനമായത്. ഇന്ത്യക്കാരുടെ ഭൂമിക്കും സ്വത്തിനും നികുതി ഈടാക്കിയ ബ്രിട്ടീഷുകാർക്കെതിരെ അദ്ദേഹം ശക്തമായ സമരം നടത്തി. പ്രാദേശിക പ്രമാണികളാണ് ബ്രിട്ടീഷുകാർക്ക് വേണ്ടി നികുതി പിരിച്ചിരുന്നത്. നികുതി തരില്ലെന്ന് തീർപ്പു പറഞ്ഞ ഉമർഖാളിയെ അറസ്റ്റ് ചെയ്യാൻ ബ്രിട്ടീഷ് ഗവൺമെന്റ് ഉത്തരവിട്ടു. ചാവക്കാട്ടുള്ള ജയിലിൽ ഖാളിയെ അവർ തടവിലാക്കി.

എന്നാൽ, ജയിൽ തുറക്കാതെ, കാവൽക്കാരറിയാതെ ഉമർഖാളി അവിടെനിന്ന് രക്ഷപ്പെട്ടു. കോടഞ്ചേരി പള്ളിയിൽ നിസ്കരിക്കുന്ന ഉമർഖാളിയെയാണ് പിന്നീടവർ കണ്ടത്. വീണ്ടും അദ്ദേഹത്തെ പിടികൂടി ബ്രിട്ടീഷുകാർ കോഴിക്കോട് ജയിലിലെത്തിച്ചു.

അവിടെയെത്തിയ ബ്രിട്ടീഷ് കലക്ടർ അദ്ദേഹത്തെ അനുനയിപ്പിക്കാൻ ശ്രമിച്ചുകൊണ്ട് പറഞ്ഞു: 'ഇനിമുതൽ നികുതിയടക്കാമെന്നും അധികൃതരോട് അപമര്യാദയായി പെരുമാറിയത് അവിവേകമാണെന്നും എഴുതിത്തന്നാൽ അങ്ങയെ വെറുതെ വിടാം.'

എന്നാൽ ഉമർഖാളി വഴങ്ങിയില്ല. 1819 ഡിസംബർ 19നാണ് ഈ സംഭവം നടന്നത്.

ജയിലിൽ തന്റെ അവസ്ഥകൾ വിവരിച്ച് ഉമർഖാളി മമ്പുറം തങ്ങൾക്കെഴുതിയ കത്ത് ഏറെ പ്രസിദ്ധമാണ്. ഗൗരവം മനസ്സിലാക്കിയ തങ്ങൾ ഇടപെട്ടതോടെ ബ്രിട്ടീഷുകാർക്കെതിരെയുള്ള ബഹുജന പ്രതിഷേധം ശക്തമാവുകയും ഉമർഖാളിയെ വെറുതെ വിടുകയും ചെയ്തു. തുടർന്നും അദ്ദേഹം ബ്രിട്ടീഷ് വിരുദ്ധ പോരാട്ടങ്ങളിൽ സജീവമായി പങ്കെടുത്തു.

ഹിജ്റ 1273 ദുൽഹിജ്ജ 27 (എ.ഡി 1857)ന് ഉമർഖാളി ഈ ലോകത്തോട് വിട പറഞ്ഞു.

മനാസിർ പടട്ല

# ചാച്ചാജിയും റോസാപ്പൂവും

**ജ**വഹർലാൽ നെഹ്റു ഇന്ത്യയുടെ പ്രധാനമന്ത്രിയായിരിക്കുന്ന കാലം. പാവപ്പെട്ട ഒരു സ്ത്രീ കയ്യിൽ ഒരു റോസാപ്പൂവുമായി അദ്ദേഹത്തിന്റെ ഔദ്യോഗിക വസതിക്കു മുന്നിലെത്തി. ആ റോസാപ്പൂവ് നെഹ്റുവിന് സമ്മാനിക്കണമെന്നായിരുന്നു അവരുടെ ആഗ്രഹം. എന്നാൽ വസതിക്ക് കാവൽ നിന്നിരുന്ന സുരക്ഷാ ഉദ്യോഗസ്ഥർ അവരെ അകത്തേക്കു വിട്ടില്ല. ആ സ്ത്രീ കേണപേക്ഷിച്ചു. പക്ഷേ, ഉദ്യോഗസ്ഥരത് ചെവിക്കൊണ്ടില്ല.

ഇതെല്ലാം വീടിന്റെ ബാൽക്കണിയിൽ നിന്ന് നെഹ്റു കാണുന്നുണ്ടായിരുന്നു. അദ്ദേഹം ഉദ്യോഗസ്ഥരോട് ആ സ്ത്രീയെ അകത്തേ



## നവംബർ 1 കേരളപ്പിറവി ദിനം

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് 1956 നവംബർ ഒന്നിനാണ് കേരള സംസ്ഥാനം രൂപീകരിച്ചത്. എല്ലാ വർഷവും നവംബർ 1 കേരളപ്പിറവിദിനമായി ആചരിക്കുന്നു.

| | | |
|---|---|---|
| ഔദ്യോഗിക പുഷ്പം | : | കണിക്കൊന്ന |
| ഔദ്യോഗിക വൃക്ഷം | : | തെങ്ങ് |
| ഔദ്യോഗിക പക്ഷി | : | മലമുഴക്കി വേഴാമ്പൽ |
| ഔദ്യോഗിക മൃഗം | : | ആന |
| ഔദ്യോഗിക മത്സ്യം | : | കരിമീൻ |
| ഔദ്യോഗിക ഫലം | : | ചക്ക |
| ഔദ്യോഗിക പാനീയം | : | ഇളനീർ |





ക്ക് കടത്തിവിടാൻ ആവശ്യപ്പെട്ടു. അന്ന് ആ സ്ത്രീ നൽകിയ റോസാപ്പൂവ് അദ്ദേഹം സ്വീകരിക്കുകയും തന്റെ കോട്ടിന്റെ പോക്കറ്റിൽ സൂക്ഷിക്കുകയും ചെയ്തു. ഔദ്യോഗികവസതിക്കു മുന്നിലെ പൂന്തോട്ടം പരിപാലിക്കുന്ന ഉദ്യോഗസ്ഥൻ ഇതു കണ്ടു.

നെഹ്റുവിന്റെ റോസാപ്പൂ പ്രേമം മനസ്സിലാക്കിയ അയാൾ അടുത്ത ദിവസം മുതൽ എല്ലാ പ്രഭാതത്തിലും ഒരു റോസാപ്പൂ സമ്മാനിക്കാൻ തുടങ്ങി. നെഹ്റു അത് തന്റെ കോട്ടിന്റെ പോക്കറ്റിൽ സൂക്ഷിക്കുകയും ചെയ്തു. മരിക്കുന്നതു വരെ നെഹ്റു ഈ പതിവ് തുടർന്നു.

QUIZ

# ക്വിസ് ആനുകാലികം, പൊതുവിജ്ഞാനം

1. ഇന്ത്യയിലെ ആദ്യ ആഴക്കടൽ കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് തുറമുഖം?

2. 2030ലെ വേൾഡ് എക്സ്പോ വേദി?

3. 2023ലെ ജെ.സി.ബി സാഹിത്യ പുരസ്കാര ജേതാവ്?

4. 2034ലെ ഫുട്ബോൾ ലോകകപ്പ് വേദി?

5. ഫ്രാൻസിന്റെ പുതിയ പ്രധാനമന്ത്രി?

6. ശ്രീലങ്കയുടെ പ്രസിഡന്റ് പദവിയിലെത്തിയ ആദ്യ മാർക്സിസ്റ്റ് നേതാവ്?

7. തമിഴ്നാടിന്റെ ഉപമുഖ്യമന്ത്രി?

8. ഈ വർഷത്തെ നെഹ്റു ട്രോഫി വള്ളംകളിയിൽ ഒന്നാമതെത്തിയ വെള്ളം?

9. അന്തമാൻ നിക്കോബാർ ദ്വീപുകളുടെ തലസ്ഥാനമായ പോർട്ട്ബ്ലെയറിന്റെ പുതിയ പേര്?

10. ഇന്ത്യൻ ഭരണഘടനയുടെ ആണിക്കല്ല് എന്നറിയപ്പെടുന്നത്?

11. കേരള ഹൈക്കോടതിയുടെ പുതിയ ചീഫ് ജസ്റ്റിസ്?

12. ദേശീയതല ഭക്ഷ്യസുരക്ഷാസൂചികയിൽ തുടർച്ചയായ രണ്ടാം വർഷവും ഒന്നാം സ്ഥാനം നേടിയ സംസ്ഥാനം?

13. ആം ആദ്മി നേതാവ് അരവിന്ദ് കെജരിവാളിന് പകരം ഡൽഹി മുഖ്യമന്ത്രിയായി അധികാരമേറ്റ വനിത?

14. ഏഷ്യയിലെ അതിസമ്പന്നമായ ഗ്രാമം എന്ന ബഹുമതി നേടിയ ഇന്ത്യൻ ഗ്രാമം?

15. ജലനത്തിലൂടെ ഏറ്റവും



   

*1. മിഷേൽ ബർണിയർ, 2. ഉദയനിധി സ്റ്റാലിൻ, 3. നിതിൻ മധുകർ ജാംദാർ, 4. അതിഷി മർലേന സിംഗ്*

കൂടുതൽ ഊർജ്ജം പുറപ്പെടുവിക്കുന്ന വാതക ഇന്ധനം?

16. ഭൂമധ്യരേഖ കടന്നുപോകുന്ന ഏറ്റവും വലിയ രാജ്യം?

17. ഏകീകൃത ആംബുലൻസ് നിരക്കുകൾ നടപ്പാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനം?

18. ഇന്ത്യയിൽ ചെറുകിട, ഇടത്തരം സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഓൺലൈൻ പോർട്ടൽ?

19. 2024ലെ പാരീസ് ഒളിമ്പിക്സിന്റെ സ്മാരകമായി സ്റ്റാമ്പുകൾ പുറത്തിറക്കിയ രാജ്യം?

20. ഹിമാലയത്തിന്റെ നട്ടെല്ല് എന്നറിയപ്പെടുന്ന പർവതനിര?

21. 2028 മാർച്ചിൽ വിക്ഷേപിക്കാനിരിക്കുന്ന ശുക്രനിലേക്കുള്ള ഇന്ത്യയുടെ ആദ്യം പഠനദൗത്യം?

22. മാപ്പിളപ്പാട്ടിന്റെ കളിത്തോഴൻ എന്നറിയപ്പെടുന്ന കവി?

23. രാജ്യാന്തര ബഹിരാകാശ നിലയം പൊളിച്ചു നീക്കാൻ കരാർ ലഭിച്ച കമ്പനി?

24. ഹെപ്പറ്റൈറ്റിസ് ബാധിക്കുന്ന അവയവം?

25. കറുത്ത മരണം എന്നറിയപ്പെടുന്ന രോഗം?

**ഉത്തരങ്ങൾ**

*1. വിഴിഞ്ഞം, 2. റിയാദ്, 3. പെരുമാൾ മുരുകൻ, 4. സൗദി അറേബ്യ, 5. മിഷേൽ ബർണിയർ, 6. അനുര ദിസനായകെ, 7. ഉദയനിധി സ്റ്റാലിൻ, 8. കാരിച്ചാൽ ചുണ്ടൻ, 9. ശ്രീവിജയപുരം, 10. മൗലികാവകാശങ്ങൾ, 11. നിതിൻ മധുകർ ജാംദാർ, 12. കേരളം, 13. അതിഷി മർലേന സിംഗ്, 14. മധാപർ, 15. ഹൈഡ്രജൻ, 16. ബ്രസീൽ, 17. കേരളം, 18. ഉദ്യം (UDYAM), 19. ഇന്ത്യ, 20. ഹിമാദ്രി, 21. ശുക്രയാൻ, 22. മോയിൻകുട്ടി വൈദ്യർ, 23. സ്പെയ്സ് എക്സ്, 24. കരൾ, 25. പ്ലേഗ്*

ഷാക്കിർ തോട്ടിക്കൽ

# രാമൻ ഇഫക്റ്റ്



ഭാരതീയരായ ശാസ്ത്രജ്ഞർക്ക് ആത്മാഭിമാനവും ആത്മവിശ്വാസവും പകർന്നു നൽകിയ ശാസ്ത്രജ്ഞനാണ് സി.വി രാമൻ. നവംബർ 7 അദ്ദേഹത്തിന്റെ ജന്മദിനമാണ്. തഞ്ചാവൂരിലെ അയ്യൻപേട്ട ഗ്രാമത്തിൽ ചന്ദ്രശേഖര അയ്യരുടെയും പാർവതി അമ്മാളിന്റെയും പുത്രനായി 1888 നവംബർ 7ന് ജനനം. പിന്നീട് വിശാഖപട്ടണത്തേക്ക് താമസം മാറ്റി. അവിടെയായിരുന്നു രാമന്റെ ബാല്യകാലം. പതിനാറു വയസ്സായപ്പോഴേക്കും ഒന്നാം ക്ലാസ്സോടെ ഡിഗ്രി പാസ്സായി. ഊർജ്ജതന്ത്രം ഐച്ഛിക വിഷയമായെടുത്ത് പഠനം തുടർന്നു. അക്കാലത്ത് ഇംഗ്ലണ്ടിലെ ശാസ്ത്രമാസികയിൽ അദ്ദേഹം എഴുതിയ ലേഖനം ലോകശ്രദ്ധ പിടിച്ചു പറ്റി. 1907ൽ മാസ്റ്റർബിരുദം കരസ്ഥമാക്കി.

തുടർന്ന് കൽക്കത്തയിൽ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലായി ജോലിയിൽ പ്രവേശിച്ചെങ്കിലും ഗവേഷണങ്ങളോടുള്ള താല്പര്യം ഒട്ടും കുറഞ്ഞിരുന്നില്ല. ജോലി കഴിഞ്ഞു ലഭിക്കുന്ന മുഴുവൻ സമയവും അദ്ദേഹം ഗവേഷണത്തിനു വിനിയോഗിച്ചു.

പിന്നീടദ്ദേഹം കൽക്കത്ത സർവകലാശാലയിൽ പ്രൊഫസറായി ചേർന്നു. ഇന്ത്യൻ ശാ

സ്ത്രജ്ഞന്മാരിൽ പ്രഗത്ഭ രായ പലരും കൽക്കത്ത സർവകലാശാലയിൽ അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നു. ഡോ. എച്ച്.ജെ ഭാഭയും വിക്രം സാരാഭായിയും ഇവരിൽ പ്രധാനികളാണ്.

ജീവിതത്തിലും ചിന്തയിലും ലാളിത്യം കാത്തുസൂക്ഷിച്ച ശാസ്ത്രജ്ഞനായിരുന്നു സി.വി രാമൻ. നൊബേൽ സമ്മാനം നേടിയ 'രാമന്റെ പ്രഭാവം' കണ്ടെത്താൻ അദ്ദേഹത്തെ സഹായിച്ച ഉപകരണങ്ങൾക്ക് കേവലം മുന്നൂറ് രൂപയേ വിലയുണ്ടായിരുന്നുള്ളുവത്രെ! 1970 നവംബർ 21ന് അദ്ദേഹം അന്തരിച്ചു.

### രാമൻ പ്രഭാവം

ഒരു പ്രത്യേക നിറത്തിലുള്ള ഏകവർണ കിരണങ്ങളെ (Monochromatic Light) സുതാര്യമായ പദാർഥങ്ങളിൽകൂടി കടത്തിവിട്ടാൽ പ്രകീർണനം മൂലം ആ നിറത്തിൽ നിന്നും വ്യത്യസ്തമായ നിറങ്ങളിലുള്ള രശ്മികൾ ഉണ്ടാകുന്നു. പ്രകീർണനം മൂലമുണ്ടാകുന്ന പുതിയ പ്രകാശരശ്മിയെ ഒരു പ്രിസത്തിൽകൂടി കടത്തിവിട്ടാൽ വർണരാജിയിൽ പുതിയ ചില രേഖകൾ പ്രത്യക്ഷപ്പെടുന്നു. ഈ പുതിയ രേഖകളെ രാമൻ രേഖകൾ (Raman Lines) എന്നും ഈ വർണരാജിയെ രാമൻ വർണരാജി (Raman Spectrum) എന്നും വിളിക്കുന്നു. ദ്രാവകങ്ങളിൽ പ്രകാശത്തിന്റെ വിസരണവുമായി ബന്ധപ്പെട്ടുള്ള ഈ പ്രതിഭാസമാണ്



രാമൻ പ്രഭാവം (Raman Effect).

ശിഷ്യന്മാരായ കെ.എസ് കൃഷ്ണനും രാമനാഥനും ഗവേഷണത്തിൽ രാമന്റെ സഹായികളായിരുന്നു. രാമൻ പ്രഭാവം സ്വാധീനം ചെലുത്താത്ത ശാസ്ത്രശാഖകൾ ഇല്ലെന്നു തന്നെ പറയാം.

# മത്സ്യം വിഴുങ്ങിയ മുത്ത്

**ഈ**ജിപ്തിൽ ജീവിച്ചിരുന്ന ഹസ്റത്ത് സൗബാനുബ്നു ഇബ്റാഹീം അല്ലാഹുവിന്റെ ഔലിയാക്കളിൽ പ്രധാനിയാണ്. ഒരിക്കൽ മഹാനുഭാവൻ ഒരു വഞ്ചിയിൽ യാത്ര ചെയ്യുകയായിരുന്നു. സഹയാത്രികർക്കൊന്നും അദ്ദേഹത്തെ പരിചയമില്ലാത്തതു കൊണ്ടും വേഷവിധാനങ്ങളിലെ ലാളിത്യം കൊണ്ടും ഏതോ ദരിദ്രവാസിയാണിത് എന്നാണവർ മനസ്സിലാക്കിയത്.

ഏതാനും ദൂരം പിന്നിട്ടപ്പോൾ വഞ്ചിയിലുണ്ടായിരുന്ന ഒരു പ്രമാണിയുടെ വിലപിടിപ്പുള്ള ഒരു മുത്ത് കാണാതായി. യാത്രക്കാരെയും അവരുടെ ഭാണ്ഡങ്ങളുമെല്ലാം പരിശോധിച്ചിട്ടും മുത്ത് കിട്ടിയില്ല. പരിശോധനയിലോ മറ്റു സംസാരങ്ങളിലോ ഒന്നും ഇടപെടാതെ വഞ്ചിയുടെ ഒരു ഭാഗത്ത് ദിക്റിൽ മുഴുകിയിരുന്ന സൗബാൻ(റ)വിനെ ചിലർ സംശയിച്ചു.

പ്രമാണിയും മറ്റു യാത്രക്കാരും അദ്ദേഹത്തെ ചോദ്യം ചെയ്തു:

'നിങ്ങളാണോ മുത്ത് മോഷ്ടിച്ചത്?'

മഹാൻ പറഞ്ഞു: 'ഒരിക്കലുമല്ല. ഞാനങ്ങനെയുള്ളയാളല്ല.'

അതൊന്നും കേൾക്കാതെ അവർ ചോദ്യം തുടർന്നപ്പോൾ മഹാൻ ആകാശത്തേക്ക് കണ്ണുകളുയർത്തി പ്രാർത്ഥിച്ചു: 'നാഥാ! മുത്ത് ഞാനെടുത്തിട്ടില്ലെന്നും ഞാൻ നിരപരാധിയാണെന്നും നിനക്ക

റിയാമല്ലോ. ഇവർക്കിടയിൽ എന്നെ കുറ്റവാളിയാക്കരുതേ!'

പ്രാർത്ഥന കഴിയേണ്ട താമസം, ജലോപരിതലത്തിൽ ഒരു കൂട്ടം മത്സ്യങ്ങൾ പ്രത്യക്ഷപ്പെട്ടു. എല്ലാ മത്സ്യങ്ങളുടെ വായിലും തിളങ്ങുന്ന ഓരോ മുത്തുകളുമുണ്ട്. മഹാൻ അവരിലൊരു മത്സ്യത്തിന്റെ വായിൽ നിന്ന് മുത്തെടുത്ത് പ്രമാണിക്ക് നൽകിക്കൊണ്ട് പറഞ്ഞു: 'ഇപ്പോൾ താങ്കൾക്ക് മുത്ത് കിട്ടിയില്ലേ. ഇനി എന്നെ കുറ്റപ്പെടുത്തരുത്.'

ഈ അത്ഭുതം നേരിൽ കണ്ട പ്രമാണിയും യാത്രക്കാരും മഹാനവർകളുടെ കാൽക്കൽ വീണ് മാപ്പപേക്ഷിച്ചു. അറബിയിൽ മത്സ്യത്തിന് നൂൻ എന്ന് പറയാറുണ്ട്. ഈ സംഭവത്തിനു ശേഷമാണ് വിശ്വപ്രസിദ്ധനായ സൗബാൻ(റ) ദുന്നൂനുൽമിസ്‌രി എന്ന പേരിൽ അറിയപ്പെട്ടത്.

# കള്ളിപ്പൂച്ച

കള്ളിപ്പൂച്ച കുറിഞ്ഞിപ്പൂച്ച
കുഞ്ഞിൻ പാല് മറിച്ചിട്ടു.
കണ്ടപ്പോഴുടൻ കുഞ്ഞേച്ചി
കല്ലെറിയുംപോൽ കാണിച്ചു.
കൊണ്ടതുപോലെ കള്ളിപ്പൂച്ച
കണ്ണുമടച്ചോണ്ടോടിപ്പോയ്.



**നുഷറ സി.എച്ച് ആലത്തൂർ**



മിസ്റ്റർ
മണ്ടപ്പൻ
പത്രക്കാരൻ അപ്പന്മാരുടെ വീടിനു മുമ്പിൽ
ചൂടുള്ള വാർത്തകൾ!
കൈപൊള്ളുമോ ചേട്ടാ?
അണ്ണേ, പത്രത്തോടൊപ്പം ഒരു നോട്ടീസുമുണ്ടല്ലോ.
എന്തു നോട്ടീസ്?
പത്രത്തിൽ ഉള്ളതിനേക്കാൾ പേജുകളുണ്ട് നോട്ടീസിൽ!
എന്തു പരസ്യമാണ് മച്ചൂ?
സിറ്റിയിൽ പുതിയ ഹോട്ടൽ തുറന്നുവെന്ന്.
അതു കൊള്ളാം.
എന്നാൽ ഇന്നത്തെ പ്രാതൽ അവിടെയാക്കാം.
ഓഫർ വിലയിൽ വയറു നിറയ്ക്കാം.


എന്നാൽ വണ്ടിയെട് മച്ചൂ.
അപ്പന്മാർ ബൈക്കിൽ
എനിക്ക് ഫിഷ് ചില്ലി മതി.
എനിക്ക് ചിക്കൻ പൊള്ളിച്ചത്.
വേഗം വിട് മച്ചൂ... വായിൽ കപ്പലോടുന്നു.
എന്റെ വയറ്റിൽ തീ കത്തുന്നുണ്ട്. വിശന്നിട്ട് കണ്ണു കാണുന്നില്ല.
അപ്പന്മാർ ഹോട്ടലിലേക്ക്
കമോൺ അപ്പന്മാരേ...
ഒരു ഫിഷ്ചില്ലി വരട്ടെ!
ഒരു ചിക്കൻ പൊള്ളിച്ചത് ഇവിടെയും!
ഏക് മച്ചലി ഓർ ഏക് മുർഗീ...



എല്ലായിടത്തും ബംഗാളികളാണല്ലോ മച്ചൂ.
ശരിയാ, നമ്മുടെ ജോലിയും പോകുമെന്നാണ് തോന്നുന്നത്.
മിക്കവാറും നമ്മൾ അവർക്കു കീഴിൽ ജോലി ചെയ്യേണ്ടിവരും.
അല്പനേരം കഴിഞ്ഞ്
ഓർഡർ ചെയ്ത ഭക്ഷണം എത്തുന്നില്ലല്ലോ മച്ചൂ...
നമുക്ക് വേണ്ടി സ്പെഷ്യൽ തയ്യാറാക്കുകയാവും.
ഉച്ചയാകുമ്പോഴേക്കും എത്തിയാൽ മതിയായിരുന്നു.
ദേ, വരുന്നു.
ഹായ്, വന്നല്ലോ വനമാല!
കൈ കഴുകി വരാം മച്ചൂ...



എന്നാൽ തുടങ്ങിയാലോ?
പിന്നെന്താ. ഇനി ആരെയാ കാത്തിരിക്കുന്നത്?
ങേ! ഇത് നല്ല തണുപ്പാണല്ലോ...
സെയിം! ഫ്രിഡ്ജിൽ നിന്നെടുത്ത ഫിഷ് ചില്ലി.
ഇതെന്താ അണ്ണേ, മൈദയോ കടല മാവോ?
ഏതോ പുളിച്ചമാവാണെന്ന് തോന്നുന്നു.
മുള്ളും മണവും മാത്രം ഫിഷ്!
ശരിയാ അണ്ണേ, സ്മെൽ ഓൺലി ചിക്കൻ!
ഇത് പുതിയ വല്ല വിഭവവുമാണോ?


ഓർ ക്യാ ചാഹിയേ സർ?
ങേ?
കോയി നഹി ഭായ്!
ഓ.കെ സാഹബ്!
ഫിഷ് മുള്ളൂരി ഹേ?
ജീ ഹാം!
അല്പം കഴിഞ്ഞ്,
ബിൽ എത്രയാണെന്ന് നോക്കൂ.
ങേ!
ഈ പഴകിയ ഭക്ഷണത്തിന് 2000 രൂപയോ?
ഗുഡ് മോണിംഗ് അപ്പന്മാരേ...
ഗുഡ് മോണിംഗ്!


എങ്ങനെയുണ്ട് പുതിയ ഹോട്ടലിലെ ഫുഡ്?
ഹോട്ടൽ പുതിയതാണെങ്കിലും ഫുഡ് പഴയതു തന്നെ.
അടുക്കളയിൽ,
അപ്പന്മാർ വിശന്നിട്ട് കഴിച്ചതാണ്. ഭക്ഷണം പഴകിയതാണെന്നറിഞ്ഞാൽ നമ്മൾ പെട്ടതു തന്നെ.
പതിയെ മുങ്ങാം.
ഉടമകൾ മുങ്ങിയതു കണ്ട് ക്യാഷ്യർ വെപ്രാളത്തിൽ,
എന്താടാ നിനക്കൊരു പരുങ്ങൽ?
അത്... അത്...
സോറി സർ!
തുറന്ന ദിവസം തന്നെ പഴകിയ ഭക്ഷണം വിറ്റ ഹോട്ടലിന് പൂട്ടിടാൻ സഹായിച്ചതിന് നന്ദി അപ്പന്മാരേ...
അണ്ണേ, വയറിന് എന്തോ അസ്വസ്ഥത തോന്നുന്നു

**സത്യൻ കല്ലുരുട്ടി**

# പ്രഭുവും പാചകക്കാരനും

ഒരു പ്രഭുവിന്നൊരു പാചകക്കാരനുണ്ടായിരുന്നു. ആർത്തിക്കാരനായിരുന്നു ആ പാചകക്കാരൻ. പ്രഭുവിനും അതിഥികൾക്കുമുള്ള ഭക്ഷണം പലപ്പോഴും അയാൾ എടുത്ത് കഴിക്കാറുണ്ടായിരുന്നു.

ഒരിക്കൽ പ്രഭു കൊട്ടാരത്തിനടുത്തുള്ള വയലിൽ വേട്ടയാടി ഒരു വലിയ കൊക്കിനെ പിടികൂടി. അതിനെ വീട്ടിൽ കൊണ്ടുവന്ന് അത്താഴത്തിന് കറിവെക്കാൻ പ്രഭു പാചകക്കാരനോടാവശ്യപ്പെട്ടു.

പ്രഭു തന്റെ സുഹൃത്തിനെ കാണാൻ കുതിരപ്പുറത്തു കയറി അടുത്ത ഗ്രാമത്തിലേക്ക് പോയി.

കറി വെന്തു മണം പരന്നപ്പോൾ ആർത്തിക്കാരനായ പാചകക്കാരനു കൊതിയടക്കാൻ കഴിഞ്ഞില്ല. അയാൾ പാകമായ കറിയിൽ നിന്ന് ഒരു കൊക്കിൻകാലെടുത്ത് കടിച്ചു മുറിച്ചു തിന്നു. പിന്നെ പ്രഭു തിരിച്ചുവരുന്നതും കാത്തിരിപ്പായി.



പ്രഭു തിരിച്ചുവന്നപ്പോൾ പാചകക്കാരൻ അത്താഴത്തിന് കൊക്കിറച്ചി വിളമ്പി. കറിയിൽ ഒരു കാൽ കുറവുണ്ടെന്നു കണ്ട പ്രഭു ചോദിച്ചു: ‘ഇതിൽ ഒ

രു കാൽ മാത്രമാണല്ലോ കാണുന്നത്, മറ്റേ കാലെവിടെപ്പോയി?'

പാചകക്കാരൻ പറഞ്ഞു: 'തിരുമനസ്സേ, കൊക്കുകൾക്ക് ഒരു കാലേ ഞാൻ കണ്ടിട്ടുള്ളൂ. രണ്ടു കാലുണ്ടെന്നത് പുതിയ അറിവാണല്ലോ...'

പ്രഭു അതു സമ്മതിച്ചില്ല. ഞാൻ കൊണ്ടുവന്ന കൊക്കിന് രണ്ടുകാലുണ്ടായിരുന്നുവെന്നദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. എന്നാൽ നമുക്കു വയലിൽ ചെന്നുനോക്കാമെന്നായി പാചകക്കാരൻ.



അങ്ങനെ അടുത്ത ദിവസം പ്രഭുവും പാചകക്കാരനും വയലിലേക്കു പുറപ്പെട്ടു. വയൽവരമ്പിൽ ഒറ്റക്കാലിൽ നിൽക്കുന്ന കൊക്കുകളെ ചൂണ്ടി പാചകക്കാരൻ പറഞ്ഞു: 'കണ്ടില്ലേ, ഒറ്റക്കാലിൽ നിൽക്കുന്ന കൊക്കുകൾ? ഞാൻ പറഞ്ഞത് സത്യമാണെന്ന് മനസ്സിലായില്ലേ?'

അപ്പോൾ പ്രഭു പുഞ്ചിരിച്ചുകൊണ്ട് 'ശ്ശ്....' എന്ന് ഉറക്കെ ശബ്ദിച്ചു. അപ്പോൾ കൊക്കുകളെല്ലാം കാലുകൾ നിവർത്തി പറന്നുപോയി.

പ്രഭു പറഞ്ഞു: 'കണ്ടില്ലേ? എല്ലാകൊക്കുകൾക്കും രണ്ടു കാലുകളുണ്ടല്ലോ!'

കൗശലക്കാരനായ പാചകക്കാരൻ പറഞ്ഞു: 'ശരിയാണ്, ഇന്നലെ ഞാൻ കറി കൊണ്ടുവന്നപ്പോൾ അങ്ങ് അങ്ങനെ പറഞ്ഞിരുന്നെങ്കിൽ ആ കൊക്ക് മടക്കിവെച്ച കാൽ നിവർത്തിക്കാണിക്കുമായിരുന്നു.'

ഇതുകേട്ട് പ്രഭു പൊട്ടിച്ചിരിച്ചു.

# കാക്കകളുടെ എണ്ണം



കൊട്ടാരത്തിലെ പൂന്തോട്ടത്തിൽ
ബീർബൽ, നമ്മുടെ രാജ്യത്ത് എത്ര കാക്കകളുണ്ടാവും?
തൊണ്ണൂറ്റി അയ്യായിരത്തി മുന്നൂറ്റി രണ്ട് കാക്കകളുണ്ട്.
അതെങ്ങനെ താങ്കൾക്ക് മനസ്സിലായി?
എനിക്കുറപ്പാണ് തിരുമനസ്സേ, വേണമെങ്കിൽ അങ്ങേക്ക് എണ്ണി നോക്കാം.
എണ്ണിക്കഴിയുമ്പോൾ താങ്കൾ പറഞ്ഞ എണ്ണത്തെക്കാൾ കുറവാണെങ്കിൽ?
നമ്മുടെ രാജ്യത്തുള്ള കാക്കകൾ അയൽരാജ്യത്തേക്ക് വിരുന്നിനു പോയിട്ടുണ്ടാവും.
ഹ ഹ! എണ്ണിക്കഴിയുമ്പോൾ താങ്കൾ പറഞ്ഞതിനെക്കാൾ കാക്കകളുണ്ടെങ്കിലോ?
അങ്ങനെയെങ്കിൽ അയൽരാജ്യത്തിലെ കാക്കകൾ നമ്മുടെ രാജ്യത്തേക്ക് വിരുന്നു വന്നിട്ടുണ്ടാവും.
ഹ ഹ! ഗംഭീരം.

നോവൽ – 14

മുജ്തബ നസ്വീഫ്

# ഉമ്മയുടെ കത്ത്




ഇടവഴിയിലാക്കെ ഇരുട്ടായിട്ടുണ്ട്. രണ്ടുഭാഗത്തും ഉയരമുള്ള മതിലുകളാണ്. ഉള്ളിൽ പേടി നുരഞ്ഞു കയറുന്നുണ്ട്. തുരങ്കം പോലുള്ള വഴിയിലൂടെ അബൂട്ടി ഓടി. റോഡിലെത്തിയാൽ പിന്നെ പേടിക്കാനില്ല. കമ്പിക്കാലുകളിൽ വെളിച്ചമുണ്ടാവും.

ഹാവൂ. റോഡിലെത്തിയല്ലോ. ഇനിയുമുണ്ട് കുറച്ചു ദൂരം കൂടി നടക്കാൻ. പള്ളിയിൽ മഗ്‌രിബ് നിസ്കാരം കഴിഞ്ഞാൽ ദർസ് തുടങ്ങുമെന്നാണ് റഹീമുസ്താദ് പറഞ്ഞത്. പള്ളിയുടെ അടുത്തെത്തിയപ്പോൾ ദർസിലെ കുട്ടികൾ ബൈത്ത് ചൊല്ലുന്നത് കേട്ടു: 'അല്ലാഹു നഹ്മദുഹു...!'

ദർസ് തുടങ്ങുന്നതിനു മുമ്പ് കുട്ടികൾ ഒന്നിച്ചു ചൊല്ലുന്ന ബൈത്താണതെന്ന് അബൂട്ടിക്ക് മനസ്സിലായി. മുമ്പൊരിക്കൽ പള്ളിയിൽ വന്നപ്പോൾ അത് കേട്ടിരുന്നല്ലോ.

ഓടിക്കിതച്ചു പള്ളിയിലെത്തി. കാലു കഴുകി അകത്തു കയറി. ഹൗളിൽ നിന്ന് വുളൂഅ് ചെയ്തു പള്ളിക്കകത്തേക്കു കയറിയപ്പോൾ വല്ല്യുസ്താദുണ്ട് വാതിലിനടുത്തിരിക്കുന്നു. അബൂട്ടി പരുങ്ങി.

'ആരാ, എന്താ നിന്റെ പേര്?' ഉസ്താദ് ചോദിച്ചു.

'നേരിയ വിറയലോടെ അബൂട്ടി പറഞ്ഞു: 'അബൂബക്ർ'

'ങേ... റഹീമുസ്താദ് പറഞ്ഞ കുട്ടിയാണോ?' ഉസ്താദ് ദയ പുരണ്ട സ്വരത്തിൽ ചോദിച്ചു.

'ങ്ആ...' അബൂട്ടി മൂളി.

'എന്നാല് വേഗം നിസ്കരി ച്ചു വാ.' ഉസ്താദ് പറഞ്ഞു.

അബൂട്ടി വേഗം മൂന്നു റക് അത്ത് മഗ്രിബ് നിസ്കരിച്ച് ഉസ്താദിനു മുമ്പിലെത്തി. അബൂട്ടിയെ അടിമുടിയൊന്നു നോക്കി ഉസ്താദ് സ്നേഹത്തോടെ പറഞ്ഞു: 'മോനിവിടെ ഇരിക്ക്.'

വിനയത്തോടെ ഇരുന്നപ്പോൾ ചോദ്യം വന്നു: 'മദ്റസയിൽ അഞ്ചാം ക്ലാസിലായിരുന്നു അല്ലേ?'

'ങ്ആ..'

'എന്നാലേ മുതഫരിദ് ഓതിത്തുടങ്ങാം.'

അബൂട്ടിക്ക് ഒന്നും മനസ്സിലായില്ല. ഉസ്താദ് എഴുന്നേറ്റു പോയി ഒരു ചെറിയ കിതാബെടുത്തു കൊണ്ടുവന്നു അബൂട്ടിയുടെ മുമ്പിൽ വെച്ചു. ബിസ്മിയും ഹംദുമൊക്കെ ചൊല്ലിക്കൊടുത്ത ശേഷം കിതാബ് വായിച്ച് അർത്ഥം പറഞ്ഞു കൊടുത്തു. എന്നിട്ട് പറഞ്ഞു: 'ഇനി മോൻ മോളിൽ പോയി അവരുടെ കൂടെയിരുന്നു വായിച്ചു പഠിച്ചോളൂ. സംശയമുണ്ടെങ്കിൽ അവിടെയുള്ള കുട്ടികളോട് ചോദിച്ചാൽ മതി.'

അബൂട്ടി പള്ളിയുടെ ഒന്നാം നിലയിലേക്കു കയറി. അവൻ അത്ഭുതപ്പെട്ടുപോയി: ഒരുപാട് കുട്ടികളുണ്ട് വട്ടമിട്ടിരുന്ന് കിതാബോതി പഠിക്കുന്നു. വെള്ളക്കുപ്പായവും വെള്ളത്തലപ്പാവുമുള്ള മൊയ്ല്യാരുട്ടികൾ. പിന്നെ നാടൻ വേഷത്തിൽ നാട്ടുകാരായ കുട്ടികളും. എല്ലാവരുടെയും മുമ്പിൽ കിതാബുകളുണ്ട്. ചിലരുടെ മുമ്പിലുള്ളത് വലിയ കിതാബുകളാണ്. എല്ലാവരും വായിച്ചും സംശയം ചോദിച്ചും പഠിക്കുന്ന തിരക്കിലാണ്.

അബൂട്ടിയെ കണ്ടപ്പോൾ അവിടെ പെട്ടെന്നൊരു നിശ്ശബ്ദത പരന്നു. എല്ലാവരും തന്നെയാണ് ശ്രദ്ധിക്കുന്നത് എന്നറിഞ്ഞപ്പോൾ അബൂട്ടിക്ക് നാണവും പരിഭ്രമവും. എന്തുചെയ്യണമെന്നറിയാതെ നിൽക്കുമ്പോൾ ഉസ്താദ് കയറിവന്ന് ഇരിക്കാനുള്ള സ്ഥലം കാണിച്ചുകൊടുത്തു. അടുത്തുള്ള മൊയ്ല്യാരുട്ടികളോട് അവനെ ശ്രദ്ധിക്കാനും പറഞ്ഞു.

അബൂട്ടിക്ക് ആശ്വാസമായി. അവൻ കിതാബ് നിവർത്തിവെച്ച് ഉസ്താദ് ഓതിക്കൊടുത്ത ഭാഗം വായിച്ചു പഠിക്കാൻ തുടങ്ങി. സംശയങ്ങൾ അടുത്തുള്ള



വരോട് ചോദിച്ചു. അന്ന് മുഴു വൻ അബൂട്ടിയായിരുന്നു ദർ സിലെ കുട്ടികളുടെ ശ്ര ദ്ധാകേന്ദ്രം. അവനെ പ്പോലെ ചെറുതായി മ റ്റാരും അവിടെ ഉണ്ടായി രുന്നില്ലല്ലോ.

ഇശാഅ് നിസ്കാ രം കഴിഞ്ഞ് ഹദ്ദാദ് ദിക്റുകളും ചൊല്ലി യ ശേഷമാണ് ദർസി ലെ കുട്ടികൾ പിരി ഞ്ഞുപോവുക. തിരി ച്ചുപോകുമ്പോൾ അ വന് പേടിക്കേണ്ടതി ല്ലായിരുന്നു. കാര ണം, ചെലവുകുടി കളിലേക്ക് ഭ ക്ഷണം കഴി ക്കാൻ പോകു ന്ന മൊയ്ല്യാരുട്ടികൾ കൂട്ടിനു ണ്ടായിരുന്നു. അവനു വളരെ സന്തോഷം തോന്നി; അഭിമാ നവും. താനിപ്പോൾ പഠിക്കാൻ തുടങ്ങിയല്ലോ; അതും ദർ സിൽ പഠിക്കുന്ന വലിയ കുട്ടി കളോടൊപ്പം.

നാട്ടുകാരായ കുട്ടികളെല്ലാം മഗ്‌രിബ് നിസ്കാരത്തിന് പള്ളി യിലെത്തണമെന്നാണ് ഉസ്താ ദിന്റെ കർശനമായ കല്പന. എ ന്നാൽ അബൂട്ടിക്ക് ഇക്കാര്യ ത്തിൽ ഇളവുണ്ട്. അവൻ അ ല്പം വൈകിപ്പോയാലും ഉസ് താദ് ദേഷ്യപ്പെടുകയോ കുറ്റ പ്പെടുത്തുകയോ ഒന്നും ചെയ്യി ല്ല. ചിലപ്പോൾ തമാശയിൽ ചോദിക്കും; 'എന്താ അബൂട്ടി നെ ആടുകൾ പിടിച്ചുവെച്ചോ?'

അബൂട്ടി ഒന്ന് ചിരിച്ച് വേ ഗം പോയി നിസ്കരിക്കും. പി ന്നെ കിതാബെടുത്ത് ഉസ്താ



ദിനു മുമ്പിലെത്തും. കഴിഞ്ഞ ദിവസം പഠിപ്പിച്ച ഭാഗത്തു നിന്ന് ഉസ്താദ് ചോദ്യങ്ങൾ ചോദിക്കും. എല്ലാറ്റിനും മണിമണിയായി അബൂട്ടി ഉത്തരം പറഞ്ഞുകൊടുക്കും. അപ്പോൾ ഉസ്താദിന് വലിയ സന്തോഷം.

'മോൻ ഒക്കെ നല്ലോണം പഠിച്ചിട്ടുണ്ടല്ലോ. നമ്മൾക്കിനി വലിയ കിതാബുകൾ ഓതണം ട്ടോ.' ഉസ്താദ് അവനെ അഭിനന്ദിച്ചുകൊണ്ട് പറയും. അബൂട്ടിയുടെ മനസ്സ് അപ്പോൾ കുളിരണിയും. പകൽ രാവിലെ മുതൽ വൈകുന്നേരം വരെ ആടുകളുടെ പിന്നാലെ വെയിലുകൊണ്ട് നടന്ന ക്ഷീണമെല്ലാം അപ്പോഴവൻ മറക്കും. ഉത്സാഹത്തോടെ പഠിക്കാൻ തുടങ്ങും.

*** *** ***

ദർസ് വിട്ടു വന്ന് അടുക്കളയിൽ ചെന്ന് തണുത്ത ചോറ് വാരിത്തിന്നുമ്പോഴാണ് മാമി ഒരു കടലാസ് കഷണം മുമ്പിലേക്കിട്ടു പറഞ്ഞത്: 'ഇന്നെടാ, നെനക്കൊരു കത്ത്.'

കത്തോ? എനിക്കോ? എനിക്കാര് കത്തയക്കാൻ? സംശയത്തോടെ കണ്ണു തുറുപ്പിച്ച് മാമിയുടെ മുഖത്തേക്ക് നോക്കിപ്പോയി. അപ്പോൾ അവർ അല്പം വെറുപ്പോടെയാണു പ്രതികരിച്ചത്: 'നെന്റെ തള്ളേന്റെ കത്താണെടാ..... ങ്ഹും..... പൊന്നാരമോന് കത്തയക്ക്ണ്.'

ഉമ്മയുടെ കത്തോ? അബൂട്ടി സന്തോഷത്തോടെ ആ കടലാസ്തുണ്ടെടുത്ത് തിരിച്ചും മറിച്ചും നോക്കി. ഉമ്മയുടെ എഴുത്തുതന്നെ. അതോടെ അവനു വയറു നിറഞ്ഞു. ഭക്ഷണം മതിയാക്കിയെഴുന്നേറ്റു പാത്രം കഴുകി വച്ച് മുറിയിലേക്കോടി, കത്ത് വായിക്കാൻ.

'ഓ... ചെക്കന്റെയൊരു സന്തോഷം.' മാമി പിന്നിൽ നിന്ന് പറയുന്നത് കാര്യമാക്കിയില്ല. കത്ത് നിവർത്തി നേരിയ വെളിച്ചത്തിൽ വായിച്ചു തുടങ്ങി: 'എന്റെ എത്രയും പ്രിയപ്പെട്ട അബൂട്ടി മോന്, മോന് അവിടെ സുഖമല്ലേ? പഠിപ്പൊക്കെ നന്നായി നടക്കുന്നുണ്ടല്ലോ. മോൻ ഇനിയും പഠിച്ചുപഠിച്ച് വല്ല്യ ആളാവണം ട്ടോ. എല്ലാ സുഖ വിവരങ്ങളും മാമൻ കത്തിലൂടെ അറിയിക്കാറുണ്ട്. ഉമ്മയുടെ അന്വേഷണവും മാമൻ മോനോട് പറയാറുണ്ടല്ലോ. പിന്നെ... അബൂട്ടിമോന് ഒരു അനിയത്തിയുണ്ടായിട്ടുണ്ട് കേട്ടോ. നല്ലൊരു പൊന്നുമോള്... അതുകൊണ്ടാണ് ഉമ്മ മോനെ കാണാൻ അങ്ങോട്ട് വരാൻ വൈകിയത്. പൊന്നനിയത്തിയെയും കൊണ്ട് ഉമ്മ വേഗം വരും ട്ടോ. അബൂട്ടിക്ക് ഓളെ കാണാൻ പൂതില്ലേ? സ്കൂളിലും മദ്റസയിലുമൊക്കെ നല്ലോണം പഠിച്ച് മാർക്ക് വാങ്ങണേ...

എന്ന് സ്നേഹത്തോടെ അബൂട്ടിയുടെ പൊന്നുമ്മ.'

കത്ത് വായിച്ച അബൂട്ടി ഏറെ നേരം തരിച്ചിരുന്നു; സന്തോഷമോ വേദനയോ? അബൂട്ടിക്കൊരു പൊന്നനിയത്തി ഉണ്ടായെന്നോ?

അവൻ ആ കത്തിലേക്ക് തന്നെ വീണ്ടും വീണ്ടും സൂക്ഷിച്ചുനോക്കി. ഇടയ്ക്കിടെ നനവ് വന്ന് മഷി പരന്നിട്ടുണ്ട്. ഉമ്മയുടെ കണ്ണീർ വീണ് നനഞ്ഞതാവുമോ?

മനസ്സ് നിറയെ വിചാരങ്ങൾ. അവൻ തലയണയിൽ മുഖമമർത്തിക്കിടന്നു; കരയാനും ചിരിക്കാനുമാവാതെ!

(തുടരും)


മണ്ടൻ കടുവ
ആമയും കുറുക്കനും ചങ്ങാതിമാരായിരുന്നു.
എന്തൊക്കെ യുണ്ട് സുഹൃത്തേ വിശേഷം?
പരമ സുഖം!
ഹയ്യോ കടുവ!
ങേ, എവിടെ?
ചങ്ങാതീ, ഓടിക്കോ. കടുവ വരുന്നു.



ഹമ്പടാ കിട്ടിപ്പോയ്!
ഹയ്യോ രക്ഷിക്കണേ.
കുറുക്കൻ പിറകിൽ നിന്ന് ഇത് കാണുന്നുണ്ടായിരുന്നു.
ഛേ, അവനെ എങ്ങനെയെങ്കിലും രക്ഷിക്കണം.
ആമയിറച്ചിക്ക് നല്ല രുചിയാണെന്ന് കേട്ടിട്ടുണ്ട്.
ക്രാക്ക്!
ക്രാക്ക്!
പല്ലുപോയത് മിച്ചം. ഇത് പൊട്ടുന്നില്ലല്ലോ. ഒന്നു മാന്തി നോക്കാം.


ഹയ്യോ കഷ്ടം !
എന്റെ നഖങ്ങൾ
മുറിഞ്ഞു.
തൊട്ടടുത്ത് ഒളിച്ചിരിക്കുകയായിരുന്നു കുറുക്കൻ.
ഇതുതന്നെ
തക്കം!
എന്തുപറ്റി
സുഹൃത്തേ?
ഇതിന്റെ തോട്
പൊട്ടിക്കാൻ
കഴിയുന്നില്ല.


ആമത്തോടിന്റെ ഉറപ്പ് ഇല്ലാതാക്കാൻ ഒരു വഴിയുണ്ട്.
എന്തു വഴി?
കുറച്ചുനേരം വെള്ളത്തിലിട്ടാൽ മതി. പിന്നെ സുഖമായി പൊളിച്ചെടുക്കാം.
കുറുക്കന്റെ വാക്കുകൾ വിശ്വസിച്ച് കടുവ ആമയെ വെള്ളത്തിലേക്കെറിഞ്ഞു.
ഹാവൂ, രക്ഷപ്പെട്ടു.


ഹായ്
ഇപ്പോൾ വരും.
ഏറെനേരം കഴിഞ്ഞിട്ടും ആമ യെ കാണാതായ പ്പോൾ കടുവ തിരിഞ്ഞു നോക്കി.
ങേ, ആ
കുറുക്കനെവിടെ?
അവിടെ കുറുക്കന്റെ പൊടിപോലും കണ്ടില്ല. മണ്ടൻ പുലി നിരാശനായി മടങ്ങി.
കഷ്ടം! ആ
കുറുക്കൻ എന്നെ
പറ്റിച്ചു.



സമസ്ത ചരിത്രം – 13

# പാലോട്ട് മൂസക്കുട്ടി ഹാജി

റൈഹാൻ

ഒരു നൂറ്റാണ്ട് മുമ്പ് സുന്നത്ത് ജമാഅത്തിന്റെ പ്രവർത്തനത്തിൽ പുതിയ മാതൃക കാണിച്ച ഒരു മഹാനെ പരിചയപ്പെടാം. പാലോട്ട് മൂസക്കുട്ടി ഹാജി എന്നാണ് അദ്ദേഹത്തിന്റെ പേര്. കണ്ണൂരിലാണ് ജനനം.

നാട്ടിലെ പഠനത്തിനുശേഷം മൂസക്കുട്ടി ഹാജി ഹജ്ജിന് പോയി. മദീനയിലെത്തിയപ്പോൾ യൂസഫുന്നബ്ഹാനി എന്ന ലോകപ്രശസ്ത പണ്ഡിതനുമായി പരിചയപ്പെട്ടു. അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ച് ഏതാനും വർഷം അവിടെ താമസിച്ചു. അതിനിടെ രണ്ട് ഹജ്ജ് ചെയ്തു. നാട്ടിൽ തിരിച്ചെത്തിയ ഹാജി ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങളിൽ മുഴുകി.

ഇസ്‌ലാമിക പ്രവർത്തനത്തിന് അദ്ദേഹം പുതിയൊരു രീതിയാണ് അന്ന് സ്വീകരിച്ചത്. ക

ണ്ണൂർ കാമ്പസാറിൽ 'താജിറുൽ കുതുബി വൽ അത്വർ' എന്ന പേരിൽ ഒരു കട തുടങ്ങി. പുസ്തകങ്ങളും അത്തറുകളും മാത്രമല്ല, അക്കാലത്ത് ചെരുപ്പിനു പകരം ഉപയോഗിച്ചിരുന്ന മെതിയടിയും മിസ്‌വാക്കും തൊപ്പിയും തസ്ബീഹ് മാലയും യൂനാനി മരുന്നുകളുമൊക്കെ അവിടെ കിട്ടുമായിരുന്നത്രെ! വെറും കച്ചവടമായിരുന്നില്ല ഹാജിയുടെ ലക്ഷ്യം; ആദർശ പ്രചാരണവും സ്വയം പഠനവുമായിരുന്നു. കടയിൽ വരുന്നവരുമായി അദ്ദേഹം ദീനീ കാര്യങ്ങൾ ചർച്ച ചെയ്യും. സംശയങ്ങൾ ചോദിക്കും. അവരുടെ സംശയങ്ങൾ തീർത്തു കൊടുക്കുകയും ചെയ്യും. ദീനീ ചിട്ടകൾ പാലിക്കാൻ ഉപദേശിക്കും.

കടയുടെ മുൻവശത്ത് ഒരു പള്ളിയുണ്ട്; മൊയ്തീൻ മസ്ജിദ് എന്നാണതിന്റെ പേര്. എല്ലാ ദിവസവും ഉച്ചയ്ക്ക് ളുഹ്ർ നിസ്കാര ശേഷം ഹാജി അവിടെ ഹദീസ് ക്ലാസ് നടത്തും, ജനങ്ങളെ ആകർഷിക്കുന്ന ശൈലിയിൽ! ഒട്ടേറെ പേരെ നല്ല വഴിയിൽ നടത്താൻ ആ ക്ലാസ് ഉപകരിച്ചുവെന്നാണ് ചരിത്രം. അതോടൊപ്പം അദ്ദേഹം സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളിലും പങ്കാളിയായിരുന്നു. ഖിലാഫത്ത് പ്രസ്ഥാനത്തിൽ അംഗമായിരുന്നത്രെ അദ്ദേഹം.

അക്കാലത്താണ് ഖാദിയാനിസം കേരളത്തിലെത്തുന്നത്. ചിലരൊക്കെ അവരുടെ കുതന്ത്രത്തിൽ കുടുങ്ങി ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്നതു കണ്ടപ്പോൾ ഹാജിയാർക്കു സഹിച്ചില്ല. ഖാദിയാനിസത്തെക്കുറിച്ച് അദ്ദേഹം വിശദമായി

## ശിശുദിനം

ഇന്ത്യയിൽ എല്ലാ വർഷവും നവംബർ 14 ന് ശിശുദിനം ആഘോഷിക്കുന്നു. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമാണ് നവംബർ 14. എന്നാൽ ആഗോള ശിശുദിനമായി ആചരിക്കുന്നത് നവംബർ 20നാണ്. ശിശുക്ഷേമം ഉറപ്പുവരുത്തുക, കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുക, കുട്ടികൾക്കിടയിൽ കൂട്ടായ്മയും അവബോധവും പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ലക്ഷ്യം.

പഠിച്ചു. അവരുടെ കള്ളവാദങ്ങളെ ഖണ്ഡിച്ചുകൊണ്ട് പലയിടത്തും ചെന്നു പ്രസംഗിച്ചു. കോഴിക്കോട് കുറ്റിച്ചിറ ഭാഗത്ത് അദ്ദേഹം നടത്തിയ ഖണ്ഡന പ്രസംഗങ്ങൾ ഖാദിയാനിസത്തെ അകറ്റിനിർത്താൻ ജനങ്ങളെ പ്രേരിപ്പിച്ചതായി ചരിത്രത്തിൽ കാണാം. പ്രസംഗം മാത്രമല്ല; ഖദിയാനിസത്തിനെതിരെ ധാരാളം നോട്ടീസുകളും ലഘുലേഖകളും മറ്റും അദ്ദേഹം പ്രസിദ്ധീകരിച്ചു. അവ ഖാദിയാനികൾ പ്രസംഗിക്കുന്നിടത്തും മറ്റും നേരിൽ പോയി മഹാൻ വിതരണം ചെയ്തിരുന്നു. എല്ലാം സ്വന്തം ചെലവിലും സ്വന്തം താല്പര്യപ്രകാരവും നിർവഹിച്ച അദ്ദേഹം അക്കാലത്ത് സുന്നത്ത് ജമാഅത്തിന്റെ ഒറ്റയാൾ പട്ടാളമായിരുന്നു.

സമസ്ത കേരള ജംഇയ്യത്തുൽ ഉലമ രൂപീകൃതമായതോടെ മൂസക്കുട്ടി ഹാജി അതിന്റെ പ്രവർത്തകനും നേതാവുമായി. കച്ചവടത്തോടൊപ്പം തന്നെ സദാസമയവും ദീനീ പ്രവർത്തനങ്ങളിൽ മുഴുകിയ അദ്ദേഹം അനേകം പണ്ഡിതർക്കും പ്രവർത്തകർക്കും പ്രചോദനവും സഹായവും നൽകിയിട്ടുണ്ട്. മഹാപണ്ഡിതനും സമസ്ത നേതാവുമിയിരുന്ന എം.എ അബ്ദുൽ ഖാദിർ മുസ്‌ലിയാർ അദ്ദേഹത്തിൽനിന്നു പ്രചോദനം ഉൾക്കൊണ്ട് പ്രവർത്തനത്തിനിറങ്ങിയവരിൽ പ്രധാനിയാണ്.

പുത്തൻവാദികളുടെ പേടിസ്വപ്നമായിരുന്നു ഹാജിയാർ. അവരുടെ വികല വാദങ്ങളെ അദ്ദേഹം ജനങ്ങൾക്ക് മുമ്പിൽ തുറന്നു കാട്ടി. കൂടുതൽ പ്രസംഗകരൊന്നുമില്ലാതിരുന്ന അക്കാലത്ത് ഹാജിയാർ ചെയ്ത സേവനം അതിമഹത്തായിരുന്നു. ആരുടെ മുമ്പിലും അടിയറവ് പറയാൻ ഇഷ്ടപ്പെടാതിരുന്ന ഹാജിയാർ അന്നത്തെ ഭരണാധികാരികളുടെ തെറ്റായ സമീപനങ്ങളെ മുഖം നോക്കാതെ എതിർത്തിരുന്നു. അങ്ങനെ അവരുടെ ഇഷ്ടക്കേടിനു വിധേയനായതിനാൽ ഏറെ പ്രയാസങ്ങൾ സഹിച്ചിരുന്നുവത്രെ. എന്നാലും തോറ്റു കൊടുക്കാതെ തലയുയർത്തി നിന്ന ആ ധീരൻ 1953 ലാണ് ഈ ലോകത്തോട് വിട പറഞ്ഞത്.




അബ്ദുൽഹകീം പാലത്തുങ്കര

# ഹമ്പോ... സുനാമി

**ക**ടലിൽ ഉയർന്ന തോതിൽ സ്ഥാനചലനമുണ്ടാകുമ്പോൾ രൂപപ്പെടുന്ന ഭീമാകാരമായ തിരമാലകളാണ് സുനാമി. സുനാമിയുടെ പ്രത്യാഘാതങ്ങളെക്കുറിച്ചും മുന്നറിയിപ്പുകളെക്കുറിച്ചും ബോധവൽക്കരിക്കാൻ യു.എൻ ജനറൽ അസംബ്ലി നവംബർ 5 ലോക സുനാമിദിനമായി ആചരിക്കുന്നു.

ജാപ്പാനീസ് ഭാഷയിലെ സു(തുറമുഖം), നാമി(തിര) എന്നീ പദങ്ങൾ ചേർന്നാണ് സുനാമി എന്ന പദമുണ്ടായത്.

*വിവിധ തരം സുനാമികളെ പരിചയപ്പെടാം:*

## ടൈഡൽ വേവ് സുനാമികൾ

ചന്ദ്രന്റെയും സൂര്യന്റെയും ഗുരുത്വാകർഷണ ബലം മൂലം സമുദ്രങ്ങളിൽ രൂപപ്പെടുന്ന സുനാമികളാണ് ടൈഡൽ വേവ് സുനാമികൾ. ഈ ഇനം സുനാമികൾ ദീർഘ നേരം തുടരുകയും കരയിൽ വമ്പിച്ച നാശനഷ്ടങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു.

### സീസ്മിക് സുനാമികൾ

ജലാന്തർഭാഗത്തുണ്ടാകുന്ന ഭൂകമ്പമാണ് സീസ്മിക് സുനാമികൾ രൂപപ്പെടാൻ കാരണം. ഇത് ഉയർന്ന തോതിലുള്ള ജലപ്രവാഹത്തിന് കാരണമാവുന്നു. സാധാരണ ഉണ്ടാവാറുള്ള സുനാമിയാണെങ്കിലും ഇതും ഭീകരമാണ്.

### അഗ്നിപർവ്വത സുനാമികൾ

സമുദ്രത്തിനടിയിലുണ്ടാകുന്ന അഗ്നിപർവ്വത സ്ഫോടനം കാരണം രൂപപ്പെടുന്നതാണ് അഗ്നിപർവ്വത സുനാമികൾ. സീസ്മിക് സുനാമികളെക്കാൾ ശക്തി കുറവാണെങ്കിലും അഗ്നിപർവ്വത സുനാമികൾ വിനാശകാരികളാണ്.

### കാലാവസ്ഥ സുനാമികൾ

കൊടുങ്കാറ്റ്, ഉഷ്ണക്കാറ്റ്, ചുഴലിക്കാറ്റ് പോലുള്ളവ മുഖേനയാണ് കാലാവസ്ഥ സുനാമികൾ രൂപപ്പെടുന്നത്. ആഴം കുറഞ്ഞ തീരങ്ങളിലാണ് ഇവ പൊതുവെ സംഭവിക്കാറുള്ളത്. ആപേക്ഷികമായി വിരളമാണെങ്കിലും തീരദേശവാസികൾക്ക് ഈ സുനാമി വലിയ ഭീഷണിയാണ്.



### ഉരുൾപൊട്ടൽ സുനാമികൾ

പാറ, മണ്ണ് പോലുള്ള പ്രകൃതിയുടെ അവശിഷ്ടങ്ങൾ വലിയതോതിൽ സമുദ്രത്തിലേക്ക് നീങ്ങുന്നതാണ് ഇവ രൂപപ്പെടാൻ കാരണം. കുത്തനെയുള്ള തീരദേശങ്ങളിലും അയഞ്ഞ മണ്ണുള്ള പ്രദേശത്തുമാണ് പൊതുവെ ഇത്തരം സുനാമികൾ സംഭവിക്കുന്നത്.

# കളിക്കളം

## വഴി കാണിക്കാമോ?

കുഞ്ഞിപ്പുഴുവിന്
ഇലകൾ തിന്നാൻ
കൊതിയായി.
ഇലകൾക്കടുത്തെത്താൻ
സഹായിക്കാമോ?



## എണ്ണമെഴുതാം

നക്ഷത്രങ്ങളുടെ എണ്ണം എഴുതിക്കോളൂ...
ഒറ്റയാനെ കണ്ടെത്തുകയും വേണം.



## വരക്കാൻ പഠിക്കാം



## നിറം നൽകാമോ?

കുട്ടിക്കുരങ്ങന്
അനുയോജ്യമായ
നിറം നൽകി
ഭംഗിയാക്കിക്കോളൂ...



## വ്യത്യാസങ്ങൾ കണ്ടെത്തൂ...

താഴെയുള്ള ചിത്രങ്ങൾ തമ്മിൽ
5 വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?



## English *Corner*

Story Line

# *The Golden Egg*

The farmer in a village had a goose that laid one golden egg every day. He would sell the golden eggs in the market, and they enjoyed a comfortable life. However, gradually the farmer became greedy and wanted more than one egg a day. His foolish wife agreed to his



# പൊന്മുട്ട

**ഒ**രു കർഷകന് എല്ലാ ദിവസവും പൊൻമുട്ടയിടുന്ന ഒരു താറാവുണ്ടായിരുന്നു. ഈ പൊൻമുട്ടകൾ മാർക്കറ്റിൽ കൊണ്ടുപോയി വിറ്റ് അദ്ദേഹം സുഖത്തിൽ ജീവിച്ചുപോന്നു. എന്നിരുന്നാലും, ക്രമേണ കർഷകൻ അത്യാഗ്രഹിയായിത്തീർന്നു, ദിവസവും ഒന്നിൽ കൂടുതൽ പൊൻമുട്ടകൾ വേണമെന്നായി. വിഡ്ഢിയായ ഭാര്യ അദ്ദേഹത്തിന്റെ ആശയം ശരിവെച്ചു. അടുത്ത ദിവസം, പൊൻമുട്ടയിട്ട ഉടൻ താറാവിനെ അറുത്തു വയറുകീറി. അതിനുള്ളിൽ രക്തവും

idea. Next day, the farmer cut open the goose soon after it laid the golden egg. He could only find blood and guts in it. He realised his mistake. He now had no source of income, and his family became poorer every day.



കുടലുകളും മാത്രമേ അയാൾക്ക് കണ്ടെത്താൻ കഴിഞ്ഞുള്ളൂ. കർഷകന് തന്റെ തെറ്റ് മനസ്സിലായി. അദ്ദേഹത്തിന്റെ വരുമാന മാർഗം നിലച്ചു. പിന്നീടുള്ള കാലം കുടുംബത്തിന് ദരിദ്രരായി ജീവിക്കേണ്ടി വന്നു.

Poem

# *Mother*

Mother, oh mother,
You are my special world
You are my shining sun.

Mother, oh mother,
You are my special gift
Your hands wipe my tears
Console my fears.

Mother, oh mother,
You are my eye seen God
You touch my heart
You touch my head.

Mother, oh mother,
You are my special joy
You care with me love
You are my pleasure.

**Ashraf kallod**

AUXILIARY VERBS

# USE OF 'MUST'

The word 'must' is an auxiliary verb used to express actions, responsibilities, duties that are considered compulsory or necessary.

**We use must:**

**1. To express obligation or duty**

Examples:

- People must remain in the hall until 4:30 pm.
- You must wear a seatbelt when you drive.

**2. To emphasize the necessity of something**

Examples:

- You must give up smoking, it's bad for you.
- Plants must have light and water to grow.
- You must drive carefully.

**3. To express deduction - Sure that something is true**

Examples:

- The ground was wet. It must have rained last night.
- Dinosaurs were very big, they must have eaten a lot.

**4. Positive logical assumptions (Must + have + past participle)**

Examples:

- He must have won the lottery.
- She must have been at home.

**5. A strong recommendation**

- We really must get together for dinner sometime.
- You must see the new palace, it's fantastic.
- You must try this ice cream. it is delicious.

## Poem

# *The Magic Toy*

It's a beautiful toy,
A gift from my dad.
Touch its hand, it waves with joy.
Touch its feet, it jumps so glad.
Touch its cheek, you'll hear it giggle.
Touch its ear, and it starts to cry.
A magical toy, full of surprise.
Isn't a fun, do you want to try?




• **Salam Thirumala**


Master
Imitable
Adil and Riswan in the town,
Adil, what is that bad smell?
Look, it is from that waste filled stream.
Oh, Feeling unbearable!
It is unable to believe it is a stream!
How this stream gets so many wastes?
We, people are respon-sible for that.
Chemical filled water from factories
Homely garbages
Waste water from hospitals


The plastic has become an inevitable part of our life.
Yes, I remember the words of our teacher: 'Plastic is the dangerous thing that can kill our nature.
How can we overcome this problem?
Methods should be found to dispose of organic waste at home.
We should use cloth bags or paper bags instead of plastic bags
Sure, it's a good idea.
We must change the habit of dumping garbage in public places.
We should dump it in the "use me" baskets.
Many diseases can be eliminated if proper waste management is implemented.
Correct!

# WORD PUZZLE

Read the story 'The Golden egg', find the underlined words and try to find out the meaning using dictionary.

| | | | | | | |
|---|---|---|---|---|---|---|
| F | A | R | M | E | R | E |
| E | G | G | I | T | F | F |
| M | R | B | S | E | O | I |
| O | E | L | T | K | O | W |
| C | E | O | A | R | L | S |
| N | D | O | K | A | I | E |
| I | Y | D | E | M | S | L |
| G | O | O | S | E | H | L |

## Name me



B ________



B ________



B ________

Answers: Bycycle, Bear, Banana

## Sudoku

| | | | | | |
|---|---|---|---|---|---|
| | 5 | | | 4 | 3 |
| 6 | | | | 1 | 5 |
| | | 6 | | 3 | |
| | | 3 | | 6 | |
| 4 | 6 | 5 | 3 | | 1 |
| 3 | | | 4 | 5 | |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE, CALICUT - 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT.
HONORARY CHIEF EDITOR: **MUHAMMED PARANNUR**